VOL NO: 09
ISSUE 29
2025 JULY 19
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ സൂംബയിലൂടെ ഒളിച്ചുകടത്താൻ ശ്രമിക്കുന്നതെന്ത്?

# EMI, ക്രെഡിറ്റ് കാർഡുകൾ ആശ്വാസമോ ബാധ്യതയോ?



ആഗ്രഹങ്ങളെ അത്യാവശ്യങ്ങളായി കാണുന്ന തരത്തിലേക്ക് ഉപഭോഗത്വര സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. പുതിയ സമ്പദ്‌വ്യവസ്ഥയിൽ പണമുപയോഗിച്ചുള്ള ക്രയവിക്രയങ്ങൾ ഏറെ സൂക്ഷ്മത പുലർത്തി മാത്രം നിർവഹിക്കേണ്ട ഒന്നാണ്. ക്രെഡിറ്റ് കാർഡുകളുപയോഗിച്ചുള്ള ട്രാൻസാക്ഷൻസും ഇ.എം.ഐ വ്യവസ്ഥയിലുള്ള പർച്ചേസുമെല്ലാം ഇതിൽ നിന്ന് ഭിന്നമല്ല.

**വിധിവിശ്വാസം**

**ജലത്തിലെ ദൃഷ്ടാന്തങ്ങൾ**

**മുസ്‌ലിം സ്ത്രീകൾകൾ പറയട്ടെ; സ്വാതന്ത്ര്യത്തെ കുറിച്ച്**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

443
# നേർപഥം
വാരിക

2025 ജൂലൈ 19
1447 മുഹ്റം 23
പുസ്തകം 09 / ലക്കം 29






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




മുജീബ് ഒട്ടുമ്മൽ

ആഗ്രഹങ്ങളെ അത്യാവശ്യങ്ങളായി കാണുന്ന തരത്തിലേക്ക് ഉപഭോഗത്വര സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. പുതിയ സമ്പദ് വ്യവസ്ഥയിൽ പണമുപയോഗിച്ചുള്ള ക്രയവിക്രയങ്ങൾ ഏറെ സൂക്ഷ്മത പുലർത്തി മാത്രം നിർവഹിക്കേണ്ട ഒന്നാണ്. ക്രെഡിറ്റ് കാർഡുകളുപയോഗിച്ചുള്ള ട്രാൻസേക്ഷൻസും ഇ.എം.ഐ വ്യവസ്ഥയിലുള്ള പർച്ചേസുമെല്ലാം ഇതിൽ നിന്ന് ഭിന്നമല്ല.


**05** മുഖമൊഴി
സൂംബയിലൂടെ ഒളിച്ചു കടത്താൻ ശ്രമിക്കുന്നതെന്ത്?

**06** ലേഖനം
വിധിവിശ്വാസം
മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**16** കർമപഥം
എന്താണ് മഹ്ർ?
അബ്ദുൽ ജബ്ബാർ മദീനി

**18** ലേഖനം
സൂംബയും ജെൻഡർ ന്യൂട്രാലിറ്റിയും ആ മഞ്ഞുമലയുടെ അഗ്രം മാത്രം
ഷംജാസ് കെ അബ്ബാസ്

**22** ലേഖനം
സംഭാഷണങ്ങളിലെ മാനസിക ഭാവങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**26** വിമർശനം
ജമാഅത്തെ ഇസ്‌ലാമി പ്രമാണങ്ങൾക്കൊപ്പമോ
മൂസ സ്വലാഹി കാര

**31** സൂറതു റൂം
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** നമുക്കുചുറ്റും
മുസ്‌ലിം സ്ത്രീകൾ പറയട്ടെ; അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ച്
ഡോ. യാസ്മിൻ എം അബ്ബാസ് പട്ടാമ്പി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## സൂംബക്കെതിരെ പരാമർശം: ടി.കെ. അശ്റഫിന്റെ സസ്പെൻഷൻ ഹൈക്കോടതി റദ്ദാക്കി

കൊച്ചി: സ്കൂളുകളിൽ സൂംബ ഡാൻസ് പദ്ധതി നടപ്പാക്കുന്നതിനെതിരെ ഫേസ്ബുക്ക് പോസ്റ്റിട്ട, അധ്യാപകനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിയുമായ ടി.കെ. അശ്റഫിനെ സസ്പെൻഡ് ചെയ്ത നടപടി ഹൈക്കോടതി റദ്ദാക്കി. മൂന്നു ദിവസത്തിനകം മറുപടി ആവശ്യപ്പെട്ട് മെമോ നൽകിയതിന്റെ പിറ്റേദിവസംതന്നെ സസ്പെൻഡ് ചെയ്തത് നിയമവിരുദ്ധമാണെന്ന് കാട്ടി അശ്റഫ് സമർപ്പിച്ച ഹരജി പരിഗണിച്ചാണ് ജസ്റ്റിസ് ഡി.കെ. സിങ്ങിന്റെ ഉത്തരവ്.

വിദ്യാഭ്യാസ വകുപ്പിനെ അപകീർത്തിപ്പെടുത്തുന്നവിധം ഫേസ്ബുക്ക് പോസ്റ്റ് ഇട്ടതിന് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാൻ; ഹരജിക്കാരൻ അധ്യാപകനായ പാലക്കാട് എടത്തനാട്ടുകര ടി.എ.എം യു.പി സ്കൂൾ മാനേജ്മെന്റിനോട് വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്നാണ് നടപടിയെടുത്തത്. സസ്പെൻഷൻ മാനേജർ പുനഃപരിശോധിക്കണമെന്നും കാരണം കാണിക്കൽ നോട്ടീസിന് ഹരജിക്കാരന്റെ മറുപടികൂടി പരിഗണിക്കണമെന്നും കോടതി നിർദേശിച്ചു.

അപകീർത്തികരമോ ദോഷകരമോ ആയ യാതൊന്നും ഫേസ്ബുക്ക് പോസ്റ്റിലുണ്ടായിരുന്നില്ലെന്ന് ഹരജിയിൽ പറയുന്നു. സൂംബ പദ്ധതി നടപ്പാക്കുന്നതിലെ അപാകത ചൂണ്ടിക്കാട്ടുകയാണ് ചെയ്തത്. എഫ്ബി പോസ്റ്റിന്റെ പേരിൽ നടപടിയെടുക്കാതിരിക്കാൻ മൂന്നു ദിവസത്തിനകം മറുപടി നൽകണമെന്നാവശ്യപ്പെട്ടാണ് ജൂലൈ രണ്ടിന് സ്കൂൾ മാനേജർ മെമോ തന്നത്. ഏതെങ്കിലും ചട്ടമോ നിയമമോ ലംഘിച്ചതായോ സ്വഭാവദൂഷ്യം കാട്ടിയതായോ അതിലുണ്ടായിരുന്നില്ല. മറുപടിക്ക് ജൂലൈ അഞ്ച് വരെ സമയമുണ്ടായിട്ടും മൂന്നിനുതന്നെ സസ്പെൻഡ് ചെയ്ത് ഉത്തരവിട്ടു. സ്വാഭാവിക നീതിയുടെ ലംഘനമാണിതെന്നും ഹരജിക്കാരൻ വാദിച്ചു.

തിടുക്കപ്പെട്ട് സസ്പെൻഡ് ചെയ്തതിന് വിശദീകരണം നൽകാൻ സർക്കാറിനടക്കം എതിർ കക്ഷികൾക്ക് കഴിയാതെ വന്നതോടെ നടപടി കോടതി റദ്ദാക്കുകയായിരുന്നു. കോടതി വിധി വന്നതോടെ മാനേജ്മെന്റ് അദ്ദേഹത്തെ തിരിച്ചെടുക്കുകയും ചെയ്തു. ■

## ലിബറൽ ആശയങ്ങളുടെ പ്രചാരണം ഗുരുതര സാമൂഹിക പ്രത്യാഘാതം സൃഷ്ടിക്കും: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: ഭരണസംവിധാനം മറയാക്കി ലിബറൽ ആശയങ്ങളുടെ പ്രചാരണം നടപ്പിലാക്കുന്നത് ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങൾ ക്ഷണിച്ച് വരുത്തുമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മേഖലകളിൽ മതസംഘടനകൾ അഭിപ്രായം പറയേണ്ടെന്ന മന്ത്രിയുടെ വാക്കുകൾ ദാർഷ്ട്യമാണെന്നും യോഗം വിലയിരുത്തി. കേരളത്തിലെ വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളിൽ സർക്കാരിന്റെയും മത-സാമൂഹിക സംഘടനകളുടെയും പങ്ക് ചെറുതല്ല എന്നത് ഭരണകൂടം വിസ്മരിക്കരുത്. അഭിപ്രായ പ്രകടനങ്ങളോട് അസഹിഷ്ണുതയോടെയും കൊലവിളി നടത്തിയും പ്രതികരിക്കുന്നത് ജനാധിപത്യ സമൂഹത്തിന് ഭൂഷണമല്ല. സ്കൂൾ സമയമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ ചർച്ചക്ക് വഴിയൊരുക്കണമെന്നും സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസ് ഇബ്നു സലീം, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ് എന്നിവർ പങ്കെടുത്തു. ■

# സൂംബയിലൂടെ ഒളിച്ചുകടത്താൻ ശ്രമിക്കുന്നതെന്ത്?

ആൺ, പെൺ എന്ന ചിന്ത തന്നെ ഇല്ലാതാക്കി 'നപുംസക ലിംഗ' ബോധത്തിലേക്കു നയിക്കുന്നത് പുരോഗമനമാണെന്ന് ലിബറലിസ്റ്റുകൾ സിദ്ധാന്തിക്കുന്നു. ക്ലാസ്സിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടങ്ങൾ പാടില്ല, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ വസ്ത്രമായിരിക്കണം തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന Gender Neutrality നടപ്പിലാക്കൽ വിദ്യാഭ്യാസ വകുപ്പ് ഒരു നയമായി സ്വീകരിച്ചുകഴിഞ്ഞു.

ബാലുശ്ശേരി ഗവ.ഹൈസ്കൂളിൽ 2021 ഡിസംബറിൽ നടപ്പാക്കിയ ജെൻഡർ ന്യൂട്രൽ യൂണിഫോം ഇതിലേക്കുള്ള ചുവടുവയ്പ്പാണ്. ഇതിനെതിരെ വിമർശനമുയർന്നപ്പോൾ പെൺകുട്ടികൾ പാന്റ്സ് ധരിക്കുന്നത് മറ്റു പല കോളേജുകളിലും ഇല്ലേ എന്ന ചോദ്യം കൊണ്ടാണ് ചിലർ അതിനെ നേരിട്ടത്. ഈ ചോദ്യം തന്നെ അപ്രസക്തവും വിഷയത്തെ മാറ്റിമറിക്കലുമാണ്. 'ജെൻഡർ ന്യൂട്രൽ' എന്ന പേരിൽ ഈ യൂണിഫോം നടപ്പാക്കുന്നതാണ് അടിസ്ഥാന പ്രശ്നം. ഒരു വേഷത്തിനപ്പുറം ഒരാശയത്തേയാണ് ഇതിലൂടെ ക്യാമ്പസുകളിലേക്ക് കടത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നത്.

ഇപ്പോഴിതാ ലഹരിക്കെതിരെ എന്ന പേരിൽ സൂംബ ഡാൻസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പിന്നിലും നേരത്തെ പറഞ്ഞ അജണ്ടയാണുള്ളത് എന്ന തിരിച്ചറിവുള്ളതുകൊണ്ട് അതിനെതിരെ, അധ്യാപകനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിയുമായ ടി.കെ അശ്റഫ് പ്രതികരിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെ യുദ്ധകാലാടിസ്ഥാനത്തിലെന്ന പോലെയാണ് സർക്കാർ തലത്തിൽ നടപടിയുണ്ടായത്. അദ്ദേഹത്തെ അന്യായമായി അധ്യാപകവൃത്തിയിൽനിന്ന് സസ്പെന്റ് ചെയ്തു. അതിനെതിരെ മതസംഘടനകളും രാഷ്ട്രീയ നേതാക്കളും ശക്തമായി പ്രതികരിച്ച് രംഗത്തുവന്നു. നിയമവിരുദ്ധമായ നടപടിക്കെതിരെ അദ്ദേഹം ഹൈക്കോടതിയെ സമീപിക്കുകയും അങ്ങനെ അദ്ദേഹത്തെ തിരിച്ചെടുക്കാൻ മാനേജ്മെന്റ് നിർബന്ധിതരാവുകയും ചെയ്തു.

സദാചാര-ധാർമിക മൂല്യങ്ങളെ നിരാകരിക്കുന്ന, സ്ത്രീ-പുരുഷ സമത്വമെന്ന പേരിൽ സ്വതന്ത്ര ലൈംഗികതയെ പ്രോൽസാഹിപ്പിക്കുന്ന, സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്ന ലിബറൽ ചിന്താഗതിയിലേക്ക് നയിക്കുന്ന തീരുമാനങ്ങൾക്കെതിരെ നിശ്ശബ്ദത പാലിക്കുവാൻ മക്കളുടെയും രാജ്യത്തിന്റെയും ഭാവി തകരാതിരിക്കാൻ ആഗ്രഹിക്കുന്ന ആർക്കും സാധ്യമല്ല.

ആൺ-പെൺ സ്വത്വബോധം നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യകരമായ സൗഹാർദാന്തരീക്ഷം നിലനിർത്തുകയാണ് കാമ്പസുകളിൽ ആവശ്യം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടം, പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ മാറ്റപ്പെടേണ്ട പഴഞ്ചൻ ആശയങ്ങളല്ല; വർത്തമാനകാലത്ത് അതിന്റെ പ്രസക്തി വർധിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് ലിംഗപരമായ അനീതിയുമല്ല. എതിർലിംഗവുമായി അടുക്കുവാനുള്ള നൈസർഗികത്വര തീക്ഷ്ണമാകുന്ന കൗമാരത്തിൽ അവരുടെ 'കംഫർട്ടിനു' വേണ്ടി എന്ന പേരിൽ അവരെ കയറൂരിവിടൽ വിവേകപരമായ തീരുമാനമല്ല.

ലിംഗസമത്വത്തിന്റെ പേരിൽ ആണിനെയും പെണ്ണിനെയും ഒന്നാക്കുവാൻ കഴിയുമോ? ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിവ സ്ത്രീകൾക്ക് മാത്രം നിർവഹിക്കാൻ കഴിയുന്ന ഒന്നാണ്. ലിംഗസമത്വത്തിന്റെ പേരിൽ ഇക്കാര്യങ്ങൾ ഭർത്താവ് ചെയ്യണമെന്ന് നിർബന്ധിച്ചാൽ അത് നടക്കുന്ന കാര്യമല്ലല്ലോ. മാതൃത്വം മാതാവിന് മാത്രം അവകാശപ്പെട്ടതാണ്. മാനസിക, ശാരീരിക വ്യത്യാസങ്ങളും ഹോർമോണുകളുടെ വ്യതിരിക്തതയുമെല്ലാം അനുസരിച്ച് സ്ത്രീക്ക് മാത്രം ചെയ്യാൻ കഴിയുന്നതും പുരുഷന് മാത്രം ചെയ്യാൻ കഴിയുന്നതും രണ്ടു പേർക്കും ചെയ്യാൻ സാധിക്കുന്നതുമായ കാര്യങ്ങളുണ്ട്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ലിംഗസമത്വമെന്ന ആശയത്തിനായി മുറവിളി കൂട്ടുന്നത് വിഡ്ഢിത്തമാണ്.



മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

# വിധിവിശ്വാസം 02

**ക്വദർ മനസ്സിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ**

ക്വദർ മനസ്സിലാക്കുന്നതിനായി താഴെ പറയുന്ന സുപ്രധാന തത്ത്വങ്ങൾ നാം ഓർത്തിരിക്കേണ്ടതുണ്ട്:

*1. ഗൈബിയായ അറിവ്*

മനുഷ്യന്റെ ധാരണാശേഷിക്കപ്പുറത്തുള്ള അറിവിനെയാണ് ഗൈബ് സൂചിപ്പിക്കുന്നത്. ഗൈബിയായ കാര്യങ്ങളെക്കുറിച്ച് നമുക്ക് അറിയാൻ സാധിക്കുന്നത് അല്ലാഹുവിൽ നിന്നുതന്നെയാണ്. അത് അവൻ തന്റെ കിതാബിലോ തന്റെ റസൂലി(സ്വ)ന്റെ സുന്നത്തിലോ അവതരിപ്പിച്ച പ്രകാരം മാത്രമാണ്. അല്ലാഹു പറയുന്നു: "അവന്റെ പക്കലാകുന്നു മറഞ്ഞകാര്യത്തിന്റെ (ഗൈബ്) ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല" (അൽഅൻആം: 59).

ഗൈബിയായ അറിവിൽ അല്ലാഹുവിനെ കുറിച്ചുള്ള അറിവും അവന്റെ മലക്കുകൾ, ആകാശലോകങ്ങൾ, സ്വർഗ-നരകങ്ങൾ, ജിന്നുകൾ, ഭാവിയിലെയും അതിഭൂതകാലത്തെയും സംഭവങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള അറിവും ഉൾപ്പെടും.

ഗൈബിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ താഴെ

**ഗൈബിനെ സംബന്ധിച്ച് പ്രമാണങ്ങളിൽ വന്നിട്ടുള്ള വചനങ്ങൾക്ക് മനുഷ്യബുദ്ധിക്കുൾക്കൊള്ളാവുന്ന യഥാർഥ ആശയങ്ങൾ തന്നെയാണുള്ളത്. അല്ലെങ്കിൽ അല്ലാഹു അത് നമുക്ക് പറഞ്ഞുതരില്ലായിരുന്നു. അവിടെ പ്രതീക്ഷിക്കാവുന്നതിനെകുറിച്ചുള്ള പൊതുവായ ഒരു ധാരണ ഈ വചനങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. എങ്കിലും സ്വർഗത്തിന്റെ ശാശ്വതമായ പകിട്ടും ഈ ജീവിതത്തിലെ താൽക്കാലിക ശോഭയും തുലനം ചെയ്യാൻ നമുക്ക് സാധ്യമല്ല.**

പറയുന്ന സുപ്രധാന നിയമങ്ങൾ നാം ശ്രദ്ധിക്കണം:

എ) ക്വുർആനിലും സുന്നത്തിലും പരാമർശിക്കപ്പെട്ട ഗൈബിയായ കാര്യങ്ങൾ മുഴുവനും സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യണം.

ബി) ഗൈബിനെ സംബന്ധിച്ച് പ്രമാണങ്ങളിൽ വന്നിട്ടുള്ള വചനങ്ങൾക്ക് മനുഷ്യബുദ്ധിക്കുൾക്കൊള്ളാവുന്ന യഥാർഥ ആശയങ്ങൾ തന്നെയാണുള്ളത്. അല്ലെങ്കിൽ അല്ലാഹു അത് നമുക്ക് പറഞ്ഞുതരില്ലായിരുന്നു. ഉദാഹരണത്തിന്, സ്വർഗത്തിലെ വൃക്ഷങ്ങൾ, പഴങ്ങൾ, അരുവികൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ തുടങ്ങി നമുക്കറിയാവുന്ന വസ്തുക്കളെ കുറിച്ചുള്ള വചനങ്ങൾ. അവിടെ പ്രതീക്ഷിക്കാവുന്നതിനെകുറിച്ചുള്ള പൊതുവായ ഒരു ധാരണ ഈ വചനങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. എങ്കിലും സ്വർഗത്തിന്റെ ശാശ്വതമായ പകിട്ടും ഈ ജീവിതത്തിലെ താൽക്കാലിക ശോഭയും തുലനം ചെയ്യാൻ നമുക്ക് സാധ്യമല്ല.

സി) മേൽപറഞ്ഞവയ്ക്ക് വിപരീതമായുള്ളതിന് പ്രബലമായ തെളിവില്ലാത്തിടത്തോളം ഗൈബിയായ കാര്യങ്ങൾ വചനങ്ങളുടെ ബാഹ്യമായ ആശയങ്ങൾക്കനുസരിച്ച് മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടതാണ്.

ഡി) മനുഷ്യയുക്തി എന്നത് ഈ ഭൗതിക ലോകത്തിലെ അവന്റെ അനുഭവങ്ങൾക്കനുസരിച്ചുള്ള താണ്. നമ്മുടെ ലോകത്തിൽനിന്നും വിഭിന്നമായ ഒന്നാണ് ഗൈബ് എന്നതിനാൽ നമ്മുടെ ഭൗതിക നിയമങ്ങളൊന്നും അതിന് ബാധകമല്ല. അതിനാൽ, ഗൈബിയായ കാര്യങ്ങളിൽ അത്തരം നിയമങ്ങൾ ബാധകമാക്കാൻ നാം ശ്രമിച്ചുകൂടാ.

*2. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ വിശ്വസിക്കൽ*

ക്വുർആനിലും സുന്നത്തിലും പ്രതിപാദിച്ച അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിൽ നാം ശരിയായ വിശ്വാസം വെച്ചുപുലർത്തേണ്ടതാണ്. ഈ വിശ്വാസം താഴെ പറയുന്ന പ്രധാന നിബന്ധനകൾക്ക് വിധേയമായിരിക്കണം.

എ) അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും നാം പൂർണമായും സ്വീകരിക്കണം.

ബി) അല്ലാഹുവിന്റെ മുഴുവൻ നാമ-വിശേഷണങ്ങൾക്കും യഥാർഥ അർഥങ്ങളുണ്ട്.

സി) അല്ലാഹുവിന്റെ വിശേഷണങ്ങളെല്ലാം സമ്പൂർണമാണ്.

ഡി) അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ അവന്റെ ഏതെങ്കിലും സൃഷ്ടികളുടെത് പോലെയല്ല.

ഇ) അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ ഗൈബിയായ അറിവിന്റെ ഭാഗമായതിനാൽ, അവ 'കയ്ഫ' (എങ്ങനെ) എന്ന ചോദ്യം കൂടാതെ സ്വീകരിക്കണം. അതായത് നമ്മുടെ പരിമിതമായ അറിവുപയോഗിച്ച് അതിനെ വ്യാഖ്യാനിക്കാൻ ശ്രമിക്കാവതല്ല. ക്വദറിന്റെ ചർച്ചയിൽ വളരെ പ്രസക്തമായ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ചിലത് താഴെ കാണുന്നവയാണ്:

*അറിവ്: 'അൽഅലീം' (എല്ലാം അറിയുന്നവൻ) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

*നീതി: 'അദ്ദയ്യാൻ' (പരമാധികാരിയും വിധികർത്താവും) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

*ജ്ഞാനം: 'അൽഹകീം' (തത്ത്വജ്ഞാനി) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

*കഴിവ്: 'അൽക്വദീർ' (കഴിവുള്ളവൻ) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

*3. നമ്മുടെ ബുദ്ധിയുടെ പരിമിതിയെ അംഗീകരിക്കുക*

നാം നമ്മുടെ രക്ഷിതാവിന്റെ പ്രവർത്തനങ്ങൾ ചോദ്യം ചെയ്യുകയോ നമ്മുടെ ബുദ്ധിവൈഭവത്തെ അമിതമായി വിലമതിക്കുകയോ ചെയ്യരുത്. അല്ലാഹുവിനാണ് നമ്മെ - അതായത് അവന്റെ പ്രജകളെ - ചോദ്യം ചെയ്യാനുള്ള പൂർണ അധികാരമുള്ളത്. അല്ലാഹു പറയുന്നു: "അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുന്നതുമാണ്" (അൽഅമ്പിയാഅ്: 23).

നമ്മുടെ ധിഷണാശക്തിയെ ശോഷിപ്പിക്കുകയും നമ്മുടെ ബുദ്ധിയെ അതിശയിപ്പിക്കുകയും ചെയ്യുന്ന ഒരു വിഷയം നമുക്ക് മുമ്പിൽ വന്നാൽ, അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾക്കു മുന്നിൽ തോൽവി സമ്മതിക്കാനും അതിൽ പൂർണമായും കീഴൊതുങ്ങാനും നാം സന്നദ്ധരാവണം; മനുഷ്യബുദ്ധിയെ എന്നും ചോദ്യം ചെയ്തിട്ടുള്ള ക്വദറുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും. വിശ്വാസപരമായ കാര്യങ്ങളിൽ നമ്മുടെ പരിമിതികൾ തിരിച്ചറിയുന്നത് അജ്ഞതയെയല്ല, പ്രത്യുത യഥാർഥമായ അറിവിനെയാണ് പ്രതിഫലിപ്പിക്കുന്നത്. അബൂജഅ്ഫർ അത്ത്വഹാവി മതപരമായ അറിവിനെ രണ്ടായി വിഭജിക്കുന്നു:

എ) ദിവ്യബോധനത്തിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന അറിവ്: ഈ അറിവിനെ നിഷേധിക്കുന്നത് അല്ലാഹുവിന്റെ അധ്യാപനങ്ങളെ നിഷേധിക്കലാണ്.

ബി) ഒരിക്കലും ജനങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലാത്ത അറിവ്: ഈ അറിവിനെ കുറിച്ച് ഊഹിക്കുന്നതും അതിൽ മുഴുകുന്നതും വ്യക്തമായ അതിക്രമമാണ്.

നമ്മുടെ ധിഷണാശക്തിയെ ശോഷിപ്പിക്കുകയും നമ്മുടെ ബുദ്ധിയെ അതിശയിപ്പിക്കുകയും ചെയ്യുന്ന ഒരു വിഷയം നമുക്ക് മുമ്പിൽ വന്നാൽ, അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾക്കു മുന്നിൽ തോൽവി സമ്മതിക്കാനും അതിൽ പൂർണമായും കീഴൊതുങ്ങാനും നാം സന്നദ്ധരാവണം; മനുഷ്യബുദ്ധിയെ എന്നും ചോദ്യം ചെയ്തിട്ടുള്ള ക്വദറുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും.

*4. ക്വദറിനെ കുറിച്ചുള്ള തർക്കങ്ങൾ ഒഴിവാക്കൽ*

ക്വദർ എന്നത് തികച്ചും വിശ്വാസപരമായ ഒരു വിഷയമാണ്. അതിലെ പല രഹസ്യങ്ങളും വെളിപ്പെടുത്തപ്പെട്ടിട്ടില്ല. അതിനാൽ, അതിലെ നിഗൂഢമായ കാര്യങ്ങളെ കുറിച്ച് വാഗ്വാദങ്ങളിലേർപ്പെടുന്നത് നാം ഒഴിവാക്കുകതന്നെ വേണം. അത്തരം വാഗ്വാദങ്ങൾ അബദ്ധങ്ങളിലേക്ക് നയിക്കും. ഈ മേഖലയിലുള്ള അബദ്ധങ്ങൾ നിസ്സാരമായി ഗണിക്കാവുന്നതുമല്ല.

അബ്ദുല്ല ഇബ്നു മസ്ഊദ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "എന്റെ അനുചരന്മാരെ കുറിച്ച് (ആരോപണം) പറയപ്പെട്ടാൽ നിങ്ങൾ മാറിനിൽക്കുക; നക്ഷത്രങ്ങളെ (ജ്യോതിഷം) കുറിച്ച് പറയപ്പെട്ടാൽ, നിങ്ങൾ മാറിനിൽക്കുക; ക്വദറിനെ കുറിച്ച് (പ്രമാണബദ്ധമല്ലാതെ) പറയപ്പെട്ടാൽ നിങ്ങൾ മാറിനിൽക്കുക"( ത്വബ്റാനി, അബൂനുഐം തുടങ്ങിയവർ ഉദ്ധരിച്ചത്. അൽബാനി സ്വഹീഹാണെന്ന് ഉറപ്പ് വരുത്തി -അസ്സ്വഹീഹ: 34).

അബൂഹുറയ്റ(റ) നിവേദനം: "ഒരിക്കൽ നബി(സ്വ) പള്ളിയിലേക്ക് കയറിവരുമ്പോൾ തന്റെ അനുചരന്മാർ ക്വദറിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നതാണ് കണ്ടത്. നബി(സ്വ) കോപിച്ചു. ഇരുകവിളും ഉറുമാൻ പഴത്തിന്റെ കുരു കുത്തിപ്പിഴിഞ്ഞതുപോലെ അവിടുത്തെ മുഖം ചുവപ്പ് വർണമായി. എന്നിട്ടു പറഞ്ഞു: 'ഇപ്രകാരമാണോ നിങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നത്? അതോ, ഇതുമാ

യിട്ടാണോ ഞാൻ നിങ്ങളിലേക്ക് അയക്കപ്പെട്ടിരിക്കുന്നത്? നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത് അവർ ഇക്കാര്യത്തിൽ (ക്വദറിന്റെ കാര്യത്തിൽ) ഭിന്നിച്ചപ്പോഴായിരുന്നു. ഞാൻ നിങ്ങളോട് തീർത്തുപറയുന്നു; നിങ്ങൾ ഈ വിഷയത്തിൽ ഭിന്നിച്ചുപോകരുത്"(തിർമിദി, അൽബാനി ഹസൻ എന്ന് പറഞ്ഞു-അൽ മിശ്കാത്ത്: 95).

ഇതേ സംഭവം റിപ്പോർട്ട് ചെയ്തുകൊണ്ട് അബ്ദുല്ലാഹ് ഇബ്നു അംറ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിങ്ങളെന്തിനാണ് അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ചില ഭാഗങ്ങളെ പരസ്പരം വൈരുധ്യമുള്ളതാക്കുന്നത്? ഇങ്ങനെയാണ് നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത്" (ഇബ്നുമാജ, അഹ്മദ്, അൽബാനി ഹസൻ എന്നു വിധിച്ചത്, മിശ്കാത്ത്: 95, അസ്സുന്ന: 406)

ത്വഹാവി(റഹി) പറഞ്ഞു: "തന്റെ സൃഷ്ടികൾക്കിടയിലുള്ള അല്ലാഹുവിന്റെ രഹസ്യമാണ് ക്വദർ. തന്റെ സമീപസ്ഥനായ മലക്കിനോ താൻ അയച്ച പ്രവാചകനോ അവൻ അത് അറിയിച്ചുകൊടുത്തിട്ടില്ല. അതിലേക്ക് ചൂഴ്ന്നിറങ്ങുന്നത് പരാജയത്തിനും നാശത്തിനും അതിരുകവിച്ചിലിനും വഴിവെക്കും" (ശർഹുത്ത്വഹാവിയ്യ).

അബൂഹുറയ്റ(റ) നിവേദനം: ചില സ്വഹാബികൾ നബി(സ്വ)യോട് പറഞ്ഞു: '(പുറത്തു) പറയാൻ ബുദ്ധിമുട്ടുള്ള ചില ചിന്തകൾ ഞങ്ങളുടെ മനസ്സിൽ വരാറുണ്ട്.' നബി(സ്വ) ചോദിച്ചു: 'നിങ്ങൾക്ക് അത് യഥാർഥത്തിൽ അനുഭവപ്പെടാറുണ്ടോ?' അവർ പറഞ്ഞു: 'അതേ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അത് ഈമാനിന്റെ വ്യക്തമായ തെളിവാണ്" (മുസ്ലിം, അഹ്മദ്).

ഈ ഹദീസിൽ ക്വദറിന്റെ സൂക്ഷ്മമായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാനുള്ള തന്റെ അനുചരന്മാരുടെ വൈമനസ്യത്തെ അവരുടെ ഈമാനിന്റെ വ്യക്തമായ തെളിവായിട്ടാണ് നബി(സ്വ) കണക്കാക്കിയത്. ഇതുതന്നെയായിരിക്കണം നമ്മുടെയും നിലപാട്. ■

## പീഡനങ്ങളിൽ തളരാത്ത സ്വഹാബിമാർ

*അബൂബക്ർ(റ) ഒരുദിവസം മസ്ജിദുൽ ഹറാമിൽ പ്രസംഗിക്കാൻ വേണ്ടി എഴുന്നേറ്റു നിന്നു. മുശ്രിക്കുകൾ അദ്ദേഹത്തെ അടിച്ചു. ഉത്ബത്ബ്നു റബീഅയായിരുന്നു അദ്ദേഹത്തെ അടിച്ച ഒരു വ്യക്തി. തന്റെ രണ്ടു ചെരിപ്പുകൾ ഊരിക്കൊണ്ടായിരുന്നു അബൂബക്റി(റ)ന്റെ മുഖത്ത് അയാൾ അടിച്ചത്. മിസ്അബ് ഇബ്നു ഉമൈർ(റ) മുസ്ലിമായ വിവരം അദ്ദേഹത്തിന്റെ മാതാവ് അറിഞ്ഞപ്പോൾ വീട്ടിൽ നിന്നും പുറത്താക്കി. സുഖലോലുപതയിൽ കഴിഞ്ഞിരുന്ന ഒരു യുവാവായിരുന്നു അദ്ദേഹം. പക്ഷേ, വിശപ്പടക്കാൻ പോലും ഒന്നുമില്ലാത്ത ഒരു അവസ്ഥയിലേക്ക് അദ്ദേഹം എത്തിച്ചേർന്നു.*

*ഒരിക്കൽ അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(റ) മസ്ജിദുൽ ഹറാമിൽ വെച്ച് വിശുദ്ധ ക്വുർആൻ ഉറക്കെ പാരായണം ചെയ്തു. മുശ്രിക്കുകൾ അദ്ദേഹത്തെ ശക്തമായി അടിക്കുകയും അദ്ദേഹത്തിന്റെ മുഖത്ത് അടിയുടെ പാടുകൾ വീഴുകയും ചെയ്തു. മറ്റൊരാളും അനുഭവിച്ചിട്ടില്ലാത്ത പീഡനങ്ങളും പ്രയാസങ്ങളുമാണ് ബിലാലുബ്നു റബാഹ്(റ) എന്ന സ്വഹാബി അനുഭവിച്ചത്. കാരണം അദ്ദേഹം ഒരു അടിമയായിരുന്നു. ഉമയ്യത്തുബ്നു ഖലഫ് അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ട് കെട്ടി. എന്നിട്ട് മക്കയിലെ കുട്ടികൾക്ക് അവിടത്തെ മലനിരകളിലൂടെ വലിക്കാൻ വേണ്ടി കൊടുത്തു. മക്കയിലെ മണൽ ചൂടുപിടിക്കുമ്പോൾ ബിലാലിനെ മരുഭൂമിയിലേക്ക് കൊണ്ടുവരികയും അവിടെ കിടത്തി വലിയ പാറക്കല്ലുകൾ അദ്ദേഹത്തിന്റെ നെഞ്ചത്ത് കയറ്റിവെക്കുകയും ചെയ്യുമായിരുന്നു. 'ഈ അവസ്ഥയിൽ നീ മരണപ്പെടും, അതല്ലെങ്കിൽ മുഹമ്മദിന്റെ മതത്തെ നീ നിഷേധിക്കണം' എന്നായിരുന്നു അവർ ബിലാലിനോട് പറഞ്ഞിരുന്നത്. എന്നാൽ പാറയെക്കാൾ വലിയ ഈമാനിനെ നെഞ്ചിലേറ്റിയ ബിലാലിന്റെ മറുപടി 'അഹദ്... അഹദ്...' (അല്ലാഹു ഏകൻ) എന്നായിരുന്നു. അബൂബക്ർ(റ) ഇത് കാണുകയും ബിലാൽ(റ)വിനെ വിലകൊടുത്തുവാങ്ങി അല്ലാഹുവിന്റെ മാർഗത്തിൽ മോചിപ്പിക്കുകയും ചെയ്തു.* ■

മുജീബ് ഒട്ടുമ്മൽ
: 97444 31890

# EMI, ക്രെഡിറ്റ് കാർഡുകൾ ആശ്വാസമോ ബാധ്യതയോ?



നമ്മുടെ ആഗ്രഹങ്ങളെ ആവശ്യങ്ങളായി നമ്മൾ തെറ്റിദ്ധരിച്ചു. 'സാമ്പത്തിക തകർച്ചയിൽ ഇന്ത്യൻ മധ്യവർഗത്തിന്റെ ബോധപൂർവമായ പങ്കാളിത്തമെന്ന് വിശേഷിപ്പിച്ച് മുംബൈയിലെ ഡാറ്റാ സയന്റിസ്റ്റായ മോനിഷ് ഗോസാർ ലിങ്കിഡ് ഇനിൽ പോസ്റ്റ് ചെയ്ത കുറിപ്പിലെ ഒരു വാചകമാണിത്.

'യഥാർഥ കെണി പണപ്പെരുപ്പമോ നികുതിയോ അല്ല, പത്ത് ലക്ഷം രൂപയുടെ കാറാണ്. കഠിനാധ്വാനത്തിനുള്ള ന്യായമായ പ്രതിഫലമാണിതെന്ന വിശ്വാസമാണ്.'

ശമ്പള വർധനവില്ലാത്തതോ നയപരമായ കാഴ്ചപ്പാടിലെ വീഴ്ചയോ അല്ല, സുഖസൗകര്യങ്ങൾക്കും സോഷ്യൽ സ്റ്റാറ്റസിനും വേണ്ടിയുള്ള പരക്കംപാച്ചിലും അതേ തുടർന്നുണ്ടാകുന്ന കടബാധ്യതയുമൊക്കെയാണ് ഇതിന്റെ പിന്നിലെന്നും അദ്ദേഹം എഴുതി. ആഡംബര വാഹനങ്ങൾ, ഐഫോണുകൾ അടക്കമുള്ള വിലപിടിപ്പുള്ള വസ്തുക്കൾ വാങ്ങുന്നതിനെയാണ് ഇത്തരം ആളു

ആഗ്രഹങ്ങളെ അത്യാവശ്യങ്ങളായി കാണുന്ന തരത്തിലേക്ക് ഉപഭോഗത്വര സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. പുതിയ സമ്പദ് വ്യവസ്ഥയിൽ പണമുപയോഗിച്ചുള്ള ക്രയവിക്രയങ്ങൾ ഏറെ സൂക്ഷ്മത പുലർത്തി മാത്രം നിർവഹിക്കേണ്ട ഒന്നാണ്. ക്രെഡിറ്റ് കാർഡുകളുപയോഗിച്ചുള്ള ട്രാൻസേക്ഷൻസും ഇ.എം.ഐ വ്യവസ്ഥയിലുള്ള പർച്ചേസുമെല്ലാം ഇതിൽ നിന്ന് ഭിന്നമല്ല.

കൾ അഭിമാനമായി കാണുന്നത്. പരിമിതമായ വരുമാനങ്ങളെ ഗൗനിക്കാതെയാണ് മനുഷ്യരിൽ ഉപഭോഗത്വര വർധിച്ചുവരുന്നത്. ആഡംബര വസ്തുക്കൾ വേഗത്തിൽ ഉടമപ്പെടുത്താൻ ഇഎംഐ, ബാങ്ക് ക്രെഡിറ്റു കാർഡുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുകയാണ്. വൈകിയെത്തുന്ന വരുമാനത്തെക്കാൾ ഉടനടി കിട്ടുന്ന സംതൃപ്തിയാണ് മനുഷ്യർ തെരഞ്ഞെടുക്കുന്നത്. വർധിച്ചുവരുന്ന ചെലവുകളുടെ ഇരകളാണ് ഇന്ത്യയിലെ ശമ്പള വരുമാനക്കാർ എന്ന ചിന്താഗതിയെ ഗോസർ ചോദ്യം ചെയ്യുന്നുണ്ട്. എടുത്തുചാടിയുള്ള തീരുമാനങ്ങൾ, ജീവിതശൈലി, ബാഹ്യമോടിയിലുള്ള അമിതമായ താത്പര്യം എന്നിവയെ ഗോസാർ കുറ്റപ്പെടുത്തുന്നുണ്ട്.

സാമ്പത്തിക മുൻഗണനകൾ നിർണയിക്കാൻ സോഷ്യൽ മീഡിയയെ അനുവദിച്ചു. ഇന്ത്യയിലെ ഏറ്റവും ഉയർന്ന വരുമാനം നേടുന്ന പത്തു ശതമാനത്തിൽ ഉൾപ്പെട്ടവരായിരുന്നിട്ട് പോലും ഇൻസ്റ്റാഗ്രാം അവരെ ദരിദ്രരായി തോന്നിപ്പിച്ചു. നേരിട്ട് അറിയാത്തവരോട് പോലും മത്സരിക്കാനുള്ള മനോഭാവം വളർന്നുവന്നു. വെറും നാലു വർഷത്തിനുള്ളിൽ ഇന്ത്യയുടെ ക്രെഡിറ്റ് കാർഡ് കടം 2.92 ലക്ഷം കോടിയായി ഉയർന്നു. വ്യക്തിഗത വായ്പകൾ 75% ആയും ഉയർന്നു. ഈ വിപത്തിനുള്ള കാരണങ്ങളെ വിശകലനം ചെയ്താൽ ആരാണ് കുറ്റക്കാരെന്ന് ബോധ്യപ്പെടും. ബാങ്കും ഫിനാൻഷ്യൽ സംവിധാനങ്ങളും മുന്നോട്ട് വെച്ചിട്ടുള്ള വ്യവസ്ഥകൾ സാധാരണക്കാർക്ക് ഉപകാരം ലഭിക്കുന്നതിന് വേണ്ടിയാണെന്ന് അവകാശപ്പെടുന്നുണ്ട്. ആരും നിർബന്ധിതരല്ലെന്നും ആഡംബരജീവിതം പ്രാപ്യമാകാനും അതിന് ആവശ്യമായ ബജറ്റ് തയ്യാറാക്കുന്നതിൽ സഹായിക്കുവാനുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചതെന്നും അധികൃതർ അവകാശപ്പെടുന്നുണ്ട്. സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള അവകാശങ്ങൾ വകവെച്ചുകൊടുത്തുകൊണ്ടാണ് ഇത്തരം സംവിധാനങ്ങളൊരുക്കുന്നതെന്നും വിശദീകരണമുണ്ട്. എന്നാൽ രാജ്യത്തെ 5 മുതൽ 10 ശതമാനം വരെയുള്ള മനുഷ്യരും കടക്കെണിയിലാണിപ്പോൾ. ഉത്തരവാദിത്തബോധത്തോടെയുള്ള മാറ്റം വ്യക്തിയിലും സമൂഹത്തിലും ഉണ്ടെന്ന് ഉറപ്പുവരുത്താൻ പുതുതലമുറയും സമൂഹവും രക്ഷിതാക്കളും തയ്യാറാക്കണം. കുടുംബബജറ്റിൽ സാമ്പത്തിക അച്ചടക്കം സാധ്യമാകുമ്പോൾ തന്നെ ഉപഭോഗത്വരയെ നിയന്ത്രിക്കുന്നതിൽ മനുഷ്യരും സമൂഹവും തയ്യാറാകണം.

**ഇഎംഐ, ക്രെഡിറ്റ് കാർഡ് സ്വീകാര്യമോ?**

ഇഎംഐ Equated monthly installment))നിലവിലെ സാമ്പത്തിക ക്രയവിക്രയങ്ങളിൽ അനിവാര്യമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. വളരെ ലാഘവത്തോടെയാണ് ഈ സംവിധാനത്തെ പലരും നോക്കിക്കാണുന്നത്. ആഗ്രഹങ്ങളെ അത്യാവശ്യമായി കാണുന്നവിധം സമൂഹത്തിൽ ഉപഭോഗത്വര വളർന്നുവന്നിട്ടുണ്ട്. യഥാർഥത്തിൽ ഇഎംഐ പലിശാധിഷ്ഠിതമാണെന്ന് പലരും മനസ്സിലാക്കുന്നില്ല. തുച്ഛമായ വരുമാനം കൊണ്ട് എത്തിപ്പെടാനാവാത്ത പലതും നേടിയെടുക്കാൻ ഈ സംവിധാനം കൊണ്ട് സാധിക്കുന്നുവെന്ന് അവകാശപ്പെടുന്നുണ്ട്. ഇതിൽ രണ്ട് അപകടങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്. അതിൽ ഒന്ന് പലിശയാണ്. വായ്പയുടെ മുതൽ തിരിച്ചടവിന്റെയും അതിന്റെ പലിശയുടെയും സംയോജനമാണ് ഇഎംഐ. ഒരു വായ്പയുടെ ആദ്യവർഷങ്ങളിൽ പലിശ ഇഎംഐയുടെ പ്രധാന ഘടമാണ്. വായ്പ എടുക്കുന്നത് വസ്തുവിന്റ യഥാർഥ വിലയ്ക്കാവുകയും അതുമാത്രം തവണ വ്യവസ്ഥയിൽ അടവാക്കുകയും ചെയ്യാമെന്ന സൗകര്യവും ഉണ്ട്. ഈ വിഷയത്തിലാണ് പല നിഷ്കളങ്കരും പെട്ടു പോകാറുള്ളത്. എന്നാൽ അതിലെ വ്യവസ്ഥയിൽ പലിശ വിഷയമായി വരുന്നതിനെ ഇത്തരം ആളുകൾ ശ്രദ്ധിക്കാറില്ല.

അഥവാ വ്യവസ്ഥ പ്രകാരം ഒരു അടവ് തെറ്റിയാൽ സ്വാഭാവികമായ പലിശ അതിൽ ഈടാക്കുമെന്ന നിബന്ധനയാണ് ഇവർ നിസ്സാരമാക്കാൻ ശ്രമിക്കാറുള്ളത്. പലിശ വ്യവസ്ഥയിൽ വന്നതോടെ അത് നിഷിദ്ധമായിയെന്ന മതപരമായ അധ്യാപനത്തെ ഇവർ വിസ്മരിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഇഎംഐ സംവിധാനത്തിൽ പലിശയുണ്ട്; പലിശയാകട്ടെ നിഷിദ്ധവുമാണ്. ബാങ്കുകൾ നൽകുന്ന ക്രെഡിറ്റ് കാർഡുകളും കടബാധ്യതകളിലേക്കും പലിശയിലേക്കും തള്ളിവിടുന്നവയാണ്. നിശ്ചിത തീയതിക്കകം തിരിച്ചടവ് സാധ്യമാകാതെ വന്നാൽ പലിശ ഈടാക്കുന്ന രീതിയാണ് അതിലും നടപ്പിലാകുന്നത്. ഇങ്ങനെ പലിശയുടെ നീരാളിപ്പിടുത്തത്തിൽ നമ്മുടെ ഇഹലോകജീവിതവും പരലോകജീവിതവും പ്രയാസപൂർണമാകും.

ക്വുർആൻ പറയുന്നു: "പലിശ തിന്നുന്നവർ പിശാചുബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽ ക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽനിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ

വരുമാനത്തിനുമപ്പുറം ആഡംബര ജീവിതവും വിഭവവും സ്വപ്നം കണ്ട് അതിന്റെ സാക്ഷാത്കാരത്തിനായി പണമന്വേഷിക്കുന്നവന്റെ മനസ്സിനെ ചൂഷണം ചെയ്തുകൊണ്ടാണ് ഇഎംഐയും ക്രെഡിറ്റ് കാർഡുമെല്ലാം രംഗപ്രവേശനം ചെയ്തിരിക്കുന്നത്. സാമ്പത്തിക അടിമയാക്കാൻ, വ്യാമോഹങ്ങളിൽ അഭിരമിക്കുന്ന മനസ്സുകളെ ഉപയോഗപ്പെടുത്തുകയാണ് ബാങ്കുകളും സ്ഥാപനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. ധൂർത്തിലേക്കും സർവോപരി നാശത്തിലേക്കും ഉപഭോഗത്വര കൊണ്ടെത്തിക്കുമെന്നതാണ് അനുഭവം. മാനസിക സംഘർഷങ്ങളിലേക്കും സമ്മർദങ്ങളിലേക്കും ഇത് നയിക്കും. മതബോധവും ദൈവവിശ്വാസവുമില്ലാത്തവർ ഒരു തുണ്ട് കയറിലോ മറ്റോ ജീവിതമവസാനിപ്പിക്കുന്നതിലേക്കായിരിക്കും കാര്യങ്ങളുടെ പര്യവസാനം.

അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (2:275).

മുഹമ്മദ് നബി(സ്വ)യുടെ അധ്യാപനം ഇങ്ങനെയാണ്: "ഔന് ബിൻ അബീജുഹൈഫ(റ) പറയുന്നു: 'എന്റെ പിതാവ് കൊമ്പ് വെക്കുന്ന ഒരടിമയെ വിലയ്ക്കു വാങ്ങി. ഇതിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ്വ) നായയുടെയും രക്തത്തിന്റെയും വില വിരോധിച്ചിരിക്കുന്നു. അവിടുന്ന് പച്ചകുത്തുന്നതും കുത്തിക്കുന്നതും പലിശതിന്നുന്നതും പലിശ തീറ്റിക്കുന്നതും വിരോധിച്ചിരിക്കുന്നു. അതുപോലെ രൂപങ്ങൾ നിർമിക്കുന്നവനെ ശപിച്ചിരിക്കുന്നു" (ബുഖാരി).

രണ്ടാമത്തെ അപകടം ധൂർത്താണ്. വരുമാനത്തിനുമപ്പുറം ആഡംബര ജീവിതവും വിഭവവും സ്വപ്നം കണ്ട് അതിന്റെ സാക്ഷാത്കാരത്തിനായി പണമന്വേഷിക്കുന്നവന്റെ മനസ്സിനെ ചൂഷണം ചെയ്തുകൊണ്ടാണ് ഇഎംഐയും ക്രെഡിറ്റ് കാർഡുമെല്ലാം രംഗപ്രവേശനം ചെയ്തിരിക്കുന്നത്. സാമ്പത്തിക അടിമയാക്കാൻ, വ്യാമോഹങ്ങളിൽ അഭിരമിക്കുന്ന മനസ്സുകളെ ഉപയോഗപ്പെടുത്തുകയാണ് ബാങ്കുകളും സ്ഥാപനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. ധൂർത്തിലേക്കും സർവോപരി നാശത്തിലേക്കും ഉപഭോഗത്വര കൊണ്ടെത്തിക്കുമെന്നതാണ് അനുഭവം. മാനസിക സംഘർഷങ്ങളിലേക്കും സമ്മർദങ്ങളിലേക്കും ഇത് നയിക്കും. മതബോധവും ദൈവവിശ്വാസവുമില്ലാത്തവർ ഒരു തുണ്ട് കയറിലോ മറ്റോ ജീവിതമവസാനിപ്പിക്കുന്നതിലേക്കായിരിക്കും കാര്യങ്ങളുടെ പര്യവസാനം. അതുകൊണ്ട് യഥാർഥ മുസ്‌ലിം ഇത്തരം കെണികളിൽനിന്ന് രക്ഷപ്പെടുന്നവനായിരിക്കും. കാരണം വിശുദ്ധ ക്വുർആൻ ധൂർത്തിനെതിരെ ശക്തമായ താക്കീത് നൽകുന്നുണ്ട്. അല്ലാഹു പറയുന്നു:

"കുടുംബബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 17:26,27).

**ജീവിത വിഭവങ്ങൾ സംതൃപ്തി നൽകുന്നുവോ?**

ലഭ്യവും പരിമിതവുമായ ജീവിത വിഭവങ്ങൾകൊണ്ട് സംതൃപ്തമായ ജീവിതം നയിക്കാനുള്ള മാനസികശേഷി നേടിയെടുക്കാൻ സാധിക്കേണ്ടതുണ്ട്. ആർത്തിപൂണ്ട മനസ്സുമായി ജീവിക്കുന്നവർ എത്ര കിട്ടിയാലും മതിവരാതെ വ്യാമോഹങ്ങളിൽ അഭിരമിക്കുകയാണ് പതിവ്. അനസ് ഇബ്നു മാലികി(റ)ൽ നിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വര ലഭിച്ചാൽ, രണ്ടു താഴ്‌വരകൾ ഉണ്ടാകാൻ അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വായ നിറക്കുകയില്ല. പശ്ചാത്തപിക്കുന്നവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും" (ബുഖാരി).

അനസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ആദമിന്റെ പുത്രൻ വൃദ്ധനാകുന്നു. എന്നാൽ രണ്ടു കാര്യങ്ങൾ അവനെ ചെറുപ്പമായി നിലനിർത്തുന്നു: ജീവിതത്തോടുള്ള ആഗ്രഹവും സമ്പത്തിനോടുള്ള ആഗ്രഹവും" (തിർമിദി).

ആർത്തിപൂണ്ട മനസ്സുകൾക്ക് ഒരിക്കലും സംതൃപ്തിയോടെ ജീവിക്കാനാകില്ല. സംതൃപ്തിയെന്നത് അല്ലാഹു നൽകിയതും വിധിച്ചതുമായ കാര്യങ്ങളിൽ തൃപ്തിപ്പെടുകയെന്നതാണ്. ഉള്ളതുകൊണ്ട് ധന്യരാവുകയും അനാവശ്യമായ ചെലവുകൾ വരുത്താതിരിക്കുകയും നിഷിദ്ധമായതും അവകാശമില്ലാത്തതുമായ ഏതൊരു വസ്തുവും വെടിയുകയും ചെയ്യുക, ഏറ്റവും നല്ലതിനെയും അവകാശപ്പെട്ടതിനെയും മാത്രം സ്വീകരിക്കുകയും അനുവദനീയമായവയെ അവലംബിക്കുകയും ചെയ്യുക എന്നതാണ്.

**ജീവിതവിഭവങ്ങളിലെ സംതൃപ്തി**

ജീവിതത്തിലെ സാമ്പത്തികവും ശാരീരികവുമായ പരിമിതിയിലും ദുർബലതയിലും സന്തോഷവും സംതൃപ്തിയും ലഭിക്കാൻ ഇസ്‌ലാം നിർദേശിക്കുന്ന ചില മാർഗങ്ങളുണ്ട്. ജീവിതത്തിൽ അവ പ്രായോഗികമാക്കുന്നതിലൂടെ സംതൃപ്തമായ ജീവിതം സാധ്യമാകും. അവയിൽ ചിലത് പരിശോധിക്കാം:

*1) ഉപജീവനം നൽകുന്നവൻ പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവാണ് എന്ന വിശ്വാസം.*



അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും" (ക്വുർആൻ 51:58).

"അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്നപക്ഷം അത് പിടിച്ചുവെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ചുവെക്കുന്ന പക്ഷം അതിനു ശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല. അവനത്രെ പ്രതാപിയും യുക്തിമാനും" (ക്വുർആൻ 35:2).

"നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമത്രെ" (10:107).

'ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്" (11:6).

"അല്ലാഹു ഞെരുക്കത്തിനു ശേഷം എളുപ്പം ഏർപെടുത്തിക്കൊടുക്കുന്നതാണ്" (65:7).

സൃഷ്ടിജാലങ്ങൾക്ക് അല്ലാഹു നിശ്ചയിച്ച ഉപജീവനമുണ്ട്. അത് ആരു തടഞ്ഞാലും അല്ലാഹുവിന്റെ തീരുമാനങ്ങളാണ് നടപ്പിലാകുക എന്ന് വിശ്വസിക്കുന്ന വിശ്വാസികൾ ഒരിക്കലും വിഭവങ്ങളുടെ കുറവിൽ

> ആർത്തിപൂണ്ട മനസ്സുകൾക്ക് ഒരിക്കലും സംതൃപ്തിയോടെ ജീവിക്കാനാകില്ല. സംതൃപ്തിയെന്നത് അല്ലാഹു നൽകിയതും വിധിച്ചതുമായ കാര്യങ്ങളിൽ തൃപ്തിപ്പെടുകയെന്നതാണ്. ഉള്ളതുകൊണ്ട് ധന്യരാവുകയും അനാവശ്യമായ ചെലവുകൾ വരുത്താതിരിക്കുകയും നിഷിദ്ധമായതും അവകാശമില്ലാത്തതുമായ ഏതൊരു വസ്തുവും വെടിയുകയും ചെയ്യുക, ഏറ്റവും നല്ലതിനെയും അവകാശപ്പെട്ടതിനെയും മാത്രം സ്വീകരിക്കുകയും അനുവദനീയമായവയെ അവലംബിക്കുകയും ചെയ്യുക എന്നതാണ്.

നിരാശപ്പെടില്ല.

*2) ഇഹലോകം നശ്വരവും പെട്ടെന്ന് നശിക്കുന്നതുമാണെന്ന ബോധമുണ്ടാവുക.*

സമ്പത്തും ആരോഗ്യവും പൊടുന്നനെ പൊലിഞ്ഞ് പോകുന്നവയാണെന്ന തിരിച്ചറിവ് ഉണ്ടാകുമെങ്കിൽ ഏത് പ്രതിസന്ധികളിലും നിരാശ ബാധിക്കുകയില്ല.

പ്രകൃതിദുരന്തങ്ങളും അപകടങ്ങളും യുദ്ധവുമെല്ലാം കാരണമായി എത്ര പെട്ടെന്നാണ് പലരും ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് ആപതിച്ചുകൊണ്ടിരിക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ മിസൈലുകളും ബോംബുകളുമെല്ലാം നിലം തൊടുമ്പോൾ കൂറ്റൻ കെട്ടിടങ്ങളും ഫ്ളാറ്റുകളും നിലം പൊത്തുകയാണ്. അവിടെ തകർന്നുവീഴുന്നത് ആഡംബര ജീവിതവും വിഭവങ്ങളുമാണ്.

പ്രകൃതി ദുരന്തം ബാധിച്ച പ്രദേശത്ത് ഭക്ഷണ വിതരണം നടത്തിയ സാമൂഹിക പ്രവർത്തകർ പങ്കു വെച്ച ഒരു അനുഭവം കാണുക:

'ഭക്ഷണ വിതരണ കേന്ദ്രത്തിന് മുന്നിലുണ്ടായിരുന്ന വരിയിലെ അവസാനമുണ്ടായിരുന്ന രണ്ട് കുട്ടികൾ. വിതരണ ഉദ്യോഗസ്ഥരുടെ കൈയിലാവട്ടെ അവസാനത്തെ ഒരു പൊതിയും. മുന്നിലുണ്ടായിരുന്ന കുട്ടി പിന്നിലെ കുട്ടിക്ക് വേണ്ടി ഒഴിഞ്ഞു നിൽക്കുകയും അവന് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു! ഭക്ഷണപ്പൊതി വാങ്ങി പിന്നിലെ കുട്ടി നടന്ന് നീങ്ങിയപ്പോൾ ഉദ്യോഗസ്ഥർ തന്റെ കൂട്ടുകാരന് വേണ്ടി മാറിക്കൊടുത്ത കുട്ടിയോട് ചോദിച്ചു: 'വിശപ്പുണ്ടായിരുന്നിട്ടും അവനു വേണ്ടി ഒഴിഞ്ഞുകൊടുത്തതെന്തേ?' അവൻ പറഞ്ഞു: 'സാറേ, ഞാൻ ദരിദ്രകുടുംബത്തിൽ പെട്ടവാണ്. എനിക്ക് വിശപ്പു സഹിച്ച് ശീലമുണ്ട്. എന്നാൽ അവൻ അങ്ങനെയല്ല. എനിക്കറിയാവുന്ന സമ്പന്ന കുടുംബത്തിലെ ഒരംഗമാണവൻ. അവനിൽ ആ ശീലമുണ്ടായിക്കൊള്ളണമെന്നില്ല. അവന്റ ദയനീയ ഭാവമാണ് മാറിനിൽക്കാൻ എന്നെ പ്രേരിപ്പിച്ചത്. പ്രകൃതിദുരന്തം കാരണം എല്ലാ സ്വപ്നങ്ങളും തകർന്നടിഞ്ഞ ഹതഭാഗ്യരാണവർ.'

നോക്കൂ! ഒരു നിമിഷം കൊണ്ടാണ് എല്ലാം നഷ്ടപ്പെടുന്നത് എന്ന ബോധ്യമുള്ളവൻ വിഭവങ്ങളിലെ കുറവുകൊണ്ട് ഒരിക്കലും നിരാശപ്പെടില്ല.

*3) സമ്പത്തിലും ആരോഗ്യത്തിലും വിഭവങ്ങളിലും തന്നെക്കാൾ കുറവുള്ളവരിലേക്ക് നോക്കുക:*

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം, പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾ നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക, നിങ്ങളെക്കാൾ മുകളിലുള്ളവരിലേക്ക് നോക്കരുത്. അത് അല്ലാഹു നിങ്ങൾക്കു നൽകിയ അനുഗ്രഹങ്ങളെ നിസ്സാരമായി ഗണിക്കാൻ കാരണമാകും" (മുസ്‌ലിം).

ഇസ്‌ലാമിക അധ്യാപനങ്ങൾ മനുഷ്യമനസ്സുകൾക്ക് ശക്തി പകർന്ന് കരുത്തോടെ ജീവിക്കാൻ പ്രാപ്തമാക്കുന്നുവെന്നതിന് തെളിവാണിത്. പാവങ്ങളും അശരണരും നിരാലംബരും രോഗികളുമായവരുടെ വേദനകൾ നേരിട്ടറിയാനുള്ള പാഠങ്ങളും ഇസ്‌ലാം പകർന്ന് നൽകുന്നുണ്ട്. രോഗികളെ സന്ദർശിക്കലും അവരെ ആശ്വസിപ്പിക്കലും പുണ്യപ്രവർത്തനമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അത് വിശ്വാസികളെ കരുണയുള്ളവരും സമൂഹത്തോട് പ്രതിബദ്ധതയുള്ളവരുമാക്കുന്നു.

*4) ചെലവ് മിതമാക്കാനും ധൂർത്തിൽനിന്ന് വിമോചിതമാകാനും മനസ്സിനെ പരിശീലിപ്പിക്കണം:*

ക്വുർആൻ പറയുന്നു: "ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (7:31).

ഇഷ്ടദാസൻമാരെ കുറിച്ച് അല്ലാഹു പുകഴ്ത്തി പറയുന്നതും ധൂർത്തിൽനിന്ന് മുക്തരായവർ എന്ന വിശേഷണത്തോടെയാണ്. ഖുർആൻ പറയുന്നു:

“ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ” (25:67).

*5) ഉപജീവന മാർഗങ്ങളും സൗകര്യങ്ങളും അനുഭവിക്കുന്നതിൽ ജനങ്ങൾക്കിടയിൽ വ്യത്യസ്തതയും ഏറ്റക്കുറച്ചിലുമുണ്ടെന്ന സത്യം മനസ്സിലാക്കണം.*

പ്രകൃതിനിയമമായി അല്ലാഹു സംവിധാനിച്ച രീതിയാണത്. ജീവിതവ്യവഹാരങ്ങളുടെ പ്രകൃതിപരമായ സംതുലിതാവസ്ഥ നിലനിർത്താൻ സ്രഷ്ടാവ് സ്വീകരിച്ച ശൈലിയാണത്. അല്ലാഹു പറയുന്നു:

“അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ചു കൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനെക്കാൾ ഉത്തമം” (43:32).

മനുഷ്യന്റ വിചാരങ്ങൾക്കും ചിന്തകൾക്കും അപ്പുറമാണ് സംഭവിച്ചുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും. ഗുജറാത്തിലെ അഹമ്മദാബാദിലുണ്ടായിരുന്ന വിമാന ദുരന്തത്തിൽനിന്ന് നമുക്ക് പഠിക്കാനുള്ള ഒരു പാഠമതാണ്. ഭൂമി ചൗഹാൻ എന്ന യാത്രക്കാരി കയറേണ്ടിയിരുന്ന വിമാനമായിരുന്നു അപകടത്തിൽ പെട്ടത്. റോഡിലെ ബ്ലോക്കിൽ പെട്ട് 10 മിനുട്ട് വൈകിയതു കാരണം അവർക്ക് അതിൽ കയറാനായില്ല. എയർപോർട്ട് അധികൃതരോട് ശക്തമായി സംസാരിച്ചു നോക്കിയെങ്കിലും അവർ സമ്മതിച്ചില്ല. ആ സമയത്ത് അവരുടെ മനസ്സ് സങ്കടവും നിരാശയുംകൊണ്ട് സംഘർഷഭരിതമായിട്ടുണ്ടാകും. അവർ വിചാരിച്ചത് വിമാനത്തിൽ കയറലാണ് തനിക്ക് ഗുണം എന്നാണ്. എന്നാൽ അത് വലിയ വിപത്തായിരുന്നുവെന്ന് പിന്നീടാണ് അവർക്ക് മനസ്സിലായത്.

ഖുർആൻ പറയുന്നതെത്ര കൃത്യമാണ്! “എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഘത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല” (2:216).

*6) ധന്യതയും ദാരിദ്ര്യവും സുഭിക്ഷതയുമെല്ലാം പരീക്ഷണമാണെന്ന സത്യം നാം അറിയണം.*

മനുഷ്യനെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്ന വ്യത്യസ്ത ഘട്ടങ്ങളുണ്ട്. അവിടെ വിജയിക്കുകയാണ് മനുഷ്യധർമം.

“കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ‘ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ്’ എന്നായിരിക്കും” (2:155,156).

> മനുഷ്യനെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്ന വ്യത്യസ്ത ഘട്ടങ്ങളുണ്ട്. അവിടെ വിജയിക്കുകയാണ് മനുഷ്യധർമം.

കിട്ടുന്നതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്നതിലൂടെ ഭീകരമായ കടബാധ്യതകളിൽനിന്ന് രക്ഷപ്പെടാനാകും. നബി(സ്വ)യുടെയും അനുചരൻമാരുടെയും ജീവിതത്തിൽനിന്ന് ഈ വിഷയത്തിൽ മാനവരാശിക്ക് ധാരാളം പഠിക്കാനും പകർത്താനുമുണ്ട്. രണ്ടോ മൂന്നോ മാസങ്ങളിൽ തുടർച്ചയായി പ്രവാചന്റെ വീട്ടിലെ അടുക്കളയിൽ തീപുകയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്; ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അധികാരിയായിരുന്നിട്ടുകൂടി! ലളിത ജീവിതം നയിച്ച, ദാരിദ്ര്യത്തിലും വിശ്വാസം മുറുകെ പിടിച്ചു ജീവിച്ച പ്രവാചകാനുരചൻമാർ മാനവരാശിക്ക് മാതൃകയാണ്. കടക്കെണിയിൽ വീർപ്പുമുട്ടുന്ന ലോകത്തിന്, അതിൽനിന്നുള്ള മോചനമാർഗം ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ തുറന്നുകാട്ടുന്നുണ്ട്.

അബ്ദുൽ ജബ്ബാർ മദീനി

തന്റെ ഇണയോടുള്ള സഹവർത്തനം മാന്യമാക്കുവാനും വൈവാഹിക ജീവിതം ആദരണീയമായി കെട്ടിപ്പടുക്കുവാനുമുള്ള, വരന്റെ താൽപര്യത്തിൽ സത്യസന്ധതക്കുള്ള പ്രകടനമാണ് മഹ്ർ നിയമമാക്കിയതിലുള്ള പൊരുൾ. സ്ത്രീയെ ബഹുമാനിക്കലും ആദരിക്കലും വസ്ത്രം, ഇതര ജീവിതച്ചെലവുകൾ തുടങ്ങി വിവാഹത്തിന് ആവശ്യമായ കാര്യങ്ങളൊരുക്കുവാൻ അവൾക്ക് അവസരം നൽകലുമാണ് മഹ്ർ നിയമമാക്കിയതിലുള്ളത്.



# എന്താണ് മഹ്ർ?

വിവാഹം കാരണത്താൽ വരൻ നിർബന്ധമായും വധുവിനു നൽകേണ്ട മൂല്യത്തിന് 'സ്വദാക്' എന്ന് സാങ്കേതികമായി പറയുന്നു. 'സ്വിദ്കി'ൽനിന്ന് എടുക്കപ്പെട്ടതാകുന്നു 'സ്വദാക്.' കദിബിന്റെ (കളവിന്റെ) വിപരീതമാകുന്നു 'സ്വിദ്ക്.' സ്വദാക് വിനിയോഗിക്കുന്നവന് വിവാഹത്തിലുള്ള തന്റെ അഭിലാഷം സത്യസന്ധമാണന്ന് അറിയിക്കുന്നതിനാലാണ് അതിനു സ്വദാക് എന്നു പറയപ്പെട്ടത്. മഹ്ർ, നിഹ്ലത്ത്, ഉക്ർ എന്നീ പേരുകളും അതിനുണ്ട്.

*തെളിവുകൾ:* മഹ്ർ മതപരമെന്നതിനുള്ള പ്രമാണം വിശുദ്ധക്വുർആനും തിരുസുന്നത്തും ഇജ്മാഉമാകുന്നു. അതിന്റെ വിവരണം മഹ്റിന്റെ മതവിധിയിൽ വഴിയെ വരുന്നുണ്ട്.

*മഹ്റിന്റെ മതവിധി:* വിവാഹ ഉടമ്പടി പൂർണമാകുന്നതോടുകൂടി വിവാഹമൂല്യം നൽകൽ വരന്റെമേൽ നിർബന്ധമായി. അത് ഒഴിവാക്കൽ അനുവദനീയമല്ല. താഴെ വരുന്ന പ്രമാണവചനങ്ങൾ ഇത് അറിയിക്കുന്നു:

"സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക" (ക്വുർആൻ 4:4). "അങ്ങനെ അവരിൽനിന്ന് നിങ്ങൾ വല്ല സുഖവുമനുഭവിച്ചാൽ അവർക്കുള്ള വിവാഹമൂല്യം ഒരു ബാധ്യതയെന്ന നിലയിൽ നിങ്ങൾ നൽകേണ്ടതാണ്" (ക്വുർആൻ 4:24).

"നിങ്ങൾ ഭാര്യമാരെ സ്പർശിക്കുകയോ അവരുടെ വിവാഹമൂല്യം നിശ്ചയിക്കുകയോ ചെയ്യുന്നതിനുമുമ്പായി നിങ്ങളവരുമായുള്ള ബന്ധം വേർപെടുത്തിയാൽ (മഹ്ർ നൽകാത്തതിന്റെ പേരിൽ) നിങ്ങൾക്ക് കു

റ്റമില്ല" (ക്വുർആൻ 2:236).

അബ്ദുർറഹ്മാൻ ഇബ്നു ഔഫി(റ)ൽ തിരുനബി (സ്വ) കുങ്കുമത്തിന്റെ പാട് കണ്ടു. തിരുനബി ചോദിച്ചു: 'എന്താണ് കാര്യം?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഒരു മഹതിയെ വിവാഹം കഴിച്ചിരിക്കുന്നു.' തിരുമേനി(സ്വ) ചോദിച്ചു: 'താങ്കൾ അവർക്ക് എന്താണ് മഹ്ർ നൽകിയത്?' അദ്ദേഹം പറഞ്ഞു: 'ഒരു ഈത്തപ്പനക്കുരുവിന്റെ തൂക്കം സ്വർണം.' തിരുമേനി പ്രതികരിച്ചു: 'താങ്കളിൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. ഒരു ആടിനെയെങ്കിലും അറുത്ത് വിവാഹ സൽകാരം നടത്തുക."

നികാഹിൽ മഹ്ർ മതപരമാണെന്നതിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു.

**1. മഹ്റിന്റെ പരിധി**

മഹ്റിന്റെ ഏറ്റവും കുറഞ്ഞ അളവിനും കൂടിയ അളവിനും യാതൊരു പരിധിയുമില്ല. ഒരു മൂല്യമാകുവാനും കൂലിയാകുവാനും പറ്റിയതെല്ലാം മഹ്റാകാവുന്നതാണ്. അല്ലാഹു പറഞ്ഞു: "...അതിന്നപ്പുറമുള്ള സ്ത്രീകളുമായി നിങ്ങളുടെ ധനം (മഹ്റായി) നൽകിക്കൊണ്ട് നിങ്ങൾ (വിവാഹബന്ധം) തേടുന്നത് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 4:24).

ആയത്തിൽ 'മാൽ' (ധനം) എന്ന് നിരുപാധികമായി, ഒരു നിർണിത പരിധി നിശ്ചയിക്കാതെ പറഞ്ഞിരിക്കുന്നു. സഹ്ൽ ഇബ്നുസഅദിൽനിന്നുള്ള ഹദീസിൽ 'താങ്കൾ അവർക്ക് ഇരുമ്പിന്റെ ഒരു മോതിരമെങ്കിലും നൽകുക' എന്ന് നബി(സ്വ) പറഞ്ഞതായി കാണാം.

ധനം എന്നു പറയപ്പെടാവുന്ന ഏറ്റവും ചെറിയ അളവ് മഹ്റിന് അനുവദനീയമാണെന്ന് ഇതറിയിക്കുന്നു. എന്നാൽ കൂടുതൽ ധനവും മഹ്റിൽ അനുവദനീയമെന്നതിന്റെ തെളിവ് അല്ലാഹുവിന്റെ വചനമാകുന്നു.

"നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽനിന്ന് യാതൊന്നുംതന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്" (ക്വുർആൻ 4:20).

**2. മഹ്ർ നിശ്ചയിച്ചതിലെ യുക്തി**

തന്റെ ഇണയോടുള്ള സഹവർത്തനം മാന്യമാക്കുവാനും വൈവാഹികജീവിതം ആദരണീയമായി കെട്ടിപ്പടുക്കുവാനുമുള്ള, വരന്റെ താൽപര്യത്തിൽ സത്യസന്ധതക്കുള്ള പ്രകടനമാണ് മഹ്ർ നിയമമാക്കിയതിലുള്ള പൊരുൾ. സ്ത്രീയെ ബഹുമാനിക്കലും ആദരിക്കലും വസ്ത്രം, ഇതര ജീവിതച്ചെലവുകൾ തുടങ്ങി വിവാഹത്തിന് ആവശ്യമായ കാര്യങ്ങളൊരുക്കുവാൻ അവൾക്ക് അവസരം നൽകലുമാണ് മഹ്ർ നിയമമാക്കിയതിലുള്ളത്.

**3. മഹ്ർ പുരുഷനു ബാധ്യതയാക്കിയതിലെ യുക്തി**

സ്ത്രീയെ സംരക്ഷിക്കുന്നതിനുള്ള ഇസ്‌ലാമിന്റെ താൽപര്യത്താലാണ് പുരുഷന്റെമേൽ മഹർ ബാധ്യതയായി നിശ്ചയിച്ചത്. പുരുഷനു മഹ്ർ നൽകുവാൻ സ്വത്ത് സമ്പാദിക്കുന്ന മാർഗേണ അവൾക്കുള്ള ആദരവിനെ അവൾ കളങ്കപ്പെടുത്തുന്നതിൽനിന്ന് അവൾക്ക് ഇസ്‌ലാമികമായ സംരക്ഷണമാണത്. ജീവിതച്ചെലവുകളാകുന്ന ബാധ്യതകൾകൊണ്ട് കൽപിക്കപ്പെട്ടത് പുരുഷനാണ്; സ്ത്രീയല്ല എന്ന മതത്തിന്റെ അടിസ്ഥാനത്തോട് ഇത് യോജിക്കുകയും ചെയ്യുന്നു.

**4. മഹ്റിന്റെ ഉടമസ്ഥാവകാശം**

മഹ്ർ ഭാര്യയുടെ മാത്രം അവകാശമാണ്. അവളുടെ രക്ഷാകർത്താക്കളിൽ ഒരാൾക്കും അതിൽ യാതൊരു അവകാശവുമില്ല. മഹ്ർ ഏറ്റുവാങ്ങുവാൻ അവർക്ക് അവകാശമുണ്ടെങ്കിലും അവർ ഏറ്റുവാങ്ങുന്നത് അവളുടെ കണക്കിലേക്കും ഉടമസ്ഥതയിലേക്കുമാണ്. അല്ലാഹു പറഞ്ഞു: "ഇനി അതിൽ നിന്ന് വല്ലതും സൻമനസ്സോടെ അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷപൂർവം സുഖമായി ഭക്ഷിച്ചു കൊള്ളുക" (ക്വുർആൻ 4:4).

"അതിൽനിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. കള്ള ആരോ പണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമം ചെയ്തുകൊണ്ടും നിങ്ങളത് വാങ്ങിക്കുകയോ?" (ക്വുർആൻ 4:20). (അവസാനിച്ചില്ല)

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*



ഷംജാസ് കെ അബ്ബാസ്
shamjaska114@gmail.com

# സൂംബയും ജെൻഡർ ന്യൂട്രാലിറ്റിയും ആ മഞ്ഞുമലയുടെ അഗ്രം മാത്രം 02

അമേരിക്കയിൽ 30-50% കുട്ടികളിൽ വരെ Gender Dysphoria, Gender Nonconformity എന്നെല്ലാം പറയുന്ന; സ്വന്തം ലിംഗം തിരിച്ചറിയാൻ പറ്റാത്ത, അതുമൂലം ഡിപ്രഷൻ, ഉത്കണ്ഠ തുടങ്ങിയ കനത്ത മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. ഈ അവസ്ഥ ആ സമൂഹത്തിൽ ഉണ്ടാക്കിയ ഭീകരമായ സാമൂഹിക സംഘർഷങ്ങൾ പതിയെ നമ്മുടെ നാട്ടിലും ആവർത്തിക്കപ്പെടും. ഇത് ഇപ്പോഴും ബോധ്യപ്പെടാത്ത ആളുകൾ അവിടെയും അവസാനിപ്പിക്കാതെ, ജെൻഡർ ന്യൂട്രൽ ടോയ്‌ലറ്റുകൾ സ്ഥാപിച്ചുതുടങ്ങിയിട്ടുണ്ട്. അഥവാ ആൺ-പെൺ വ്യത്യാസമില്ലാതെ കയറിച്ചെല്ലാവുന്ന ടോയ്‌ലറ്റുകൾ. ഇത്തരത്തിൽ ഇവർ സങ്കൽപിച്ചുണ്ടാക്കാൻ ശ്രമിക്കുന്ന സാമൂഹികക്രമം സമത്വമല്ല, വലിയ അരക്ഷിതാവസ്ഥയാണ് സമ്മാനിക്കുക. സ്വന്തം മക്കളെ വിദ്യാലയങ്ങളിലേക്കോ കലാലയങ്ങളിലേക്കോ പറഞ്ഞയക്കാൻ പോലും ഭയമുള്ളതായിരിക്കുന്നു ഇപ്പോഴത്തെ സാഹചര്യം. ലഹരി മാത്രമല്ല, ഇത് പോലെയുള്ള വലിയ പ്രശ്നങ്ങൾ കൂടി പുതുതലമുറ അനുഭവിക്കേണ്ടിവരും. അവിടെയും തീരാതെ, പ്രൈഡ് മാർച്ചുകൾ എന്ന പേരിൽ അർധനഗ്നരായ ഇത്തരം ആളുകളെ പൊതു ഇടങ്ങളിൽ കാണേണ്ട അവസ്ഥയിലേക്ക് നമ്മൾ ഇപ്പോൾ തന്നെ മാറിയിരിക്കുന്നു. 'അന്താ

**കേരളത്തിലെ 1400 ഓളം പൊതുവിദ്യാലയങ്ങൾക്ക് സമീപം സിന്തറ്റിക് രാസലഹരികൾ ലഭ്യമാണെന്ന് സംസ്ഥാന എക്സൈസ് വകുപ്പ് തന്നെ പറയുമ്പോൾ, മറുവശത്ത് 100ൽ താഴെയുണ്ടായിരുന്ന ബാറുകളുടെ എണ്ണം 800 ആയി വർധിച്ചിരിക്കുന്നു. ഇപ്പോൾ മൊബൈൽ മദ്യഷാപ്പും തുടങ്ങിക്കഴിഞ്ഞു. പഠനം കഴിഞ്ഞ് വിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ വീട്ടിലെത്തുമ്പോൾ വീട്ടിലുള്ളവർ മദ്യപിച്ച് വഴക്ക് കൂടുന്ന ഗൃഹാന്തരീക്ഷം കുട്ടികളിൽ ഉണ്ടാക്കുന്ന സ്ട്രെസ്സും ലഹരിയാസക്തിയുമെല്ലാം സൂംബ ഡാൻസിനു പിന്നാലെ നടക്കുന്നവർ എന്തേ കാണാതെപോകുന്നു?**

രാഷ്ട്ര സ്വയംഭോഗ ദിനാചരണം,' വൃത്തികേടുള്ള ഫോട്ടോയുടെ പോസ്റ്റർ പതിച്ച് 'തുറിച്ച് നോക്കേണ്ട' എന്ന് എഴുതിവെക്കുന്ന, 'സദാചാരം പടിക്കു പുറത്ത്' എന്ന മുദ്രാവാക്യമുയർത്തുന്ന, ചുംബന സമരവും ആലിംഗന സമരവും നടത്തുന്ന കാഴ്ചയും നാം കണ്ടുകഴിഞ്ഞു. 2025ൽ ലോകത്തെ ഏറ്റവും പ്രമുഖരായ DJ Concert ബാൻഡുകൾ കേരളത്തിൽ അടക്കം അവരുടെ ടൂർ പ്രഖ്യാപിച്ചുകഴിഞ്ഞു. Night Lifeന്റെ ഭാഗമായി പബ്ബുകൾ തുറന്നു. കേരളത്തിലെ 1400 ഓളം പൊതുവിദ്യാലയങ്ങൾക്ക് സമീപം സിന്തറ്റിക് രാസലഹരികൾ ലഭ്യമാണെന്ന് സംസ്ഥാന എക്സൈസ് വകുപ്പ് തന്നെ പറയുമ്പോൾ, മറുവശത്ത് 100ൽ താഴെയുണ്ടായിരുന്ന ബാറുകളുടെ എണ്ണം 800 ആയി വർധിച്ചിരിക്കുന്നു. ഇപ്പോൾ മൊബൈൽ മദ്യഷാപ്പും തുടങ്ങിക്കഴിഞ്ഞു. പഠനം കഴിഞ്ഞ് വിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ വീട്ടിലെത്തുമ്പോൾ വീട്ടിലുള്ളവർ മദ്യപിച്ച് വഴക്ക് കൂടുന്ന ഗൃഹാന്തരീക്ഷം കുട്ടികളിൽ ഉണ്ടാക്കുന്ന സ്ട്രെസ്സും ലഹരിയാസക്തിയുമെല്ലാം സൂംബ ഡാൻസിനു പിന്നാലെ നടക്കുന്നവർ എന്തേ കാണാതെപോകുന്നു?

ഈ അപകടത്തെ എതിർത്തവരെയും അഭിപ്രായം പറഞ്ഞവരെയും തീവ്രവാദികളായും മതമൗലിക വാദികളായും മുദ്രകുത്തിയതിന്റെ പിന്നിൽ വ്യക്തമായ അജണ്ടയുണ്ട് എന്നതിൽ സംശയമില്ല. ഇത്തരത്തിൽ സംഘപരിവാർ ശക്തികൾക്ക് വടികൊടുത്ത ഇക്കൂട്ടർതന്നെ പിന്നീട് ഈ ആരോപണങ്ങൾ മറിച്ചിടുന്ന കാഴ്ചയും നാം കണ്ടു. പാഠ്യപദ്ധതിയുടെ അടിസ്ഥാന ആശയമായി മുന്നോട്ടുവെച്ച ജനാധിപത്യം, സമൂഹത്തിന്റെ അഭിലാഷം, സംസ്കാരങ്ങളെ ചേർത്തുപിടിക്കൽ, എല്ലാവരെയും ഉൾകൊള്ളൽ തുടങ്ങിയ എല്ലാ ആശയങ്ങളെയും കാറ്റിൽ പറത്തുന്നതായിരുന്നു പിന്നീടുള്ള കാഴ്ച.

കുട്ടികളുടെ സ്ട്രെസ്സ് കുറക്കാനും പഠനം ആസ്വാദ്യകരമാക്കാനും എന്ന പേരിലാണ് DPE പ്രോഗ്രാം കൊണ്ടുവന്നത്. പിന്നീട് അതിന്റെ എല്ലാ ഭവിഷ്യത്തുകളും അനുഭവിച്ച് അതു പിൻവലിച്ച് SSA തുടങ്ങി. ഇങ്ങ



നെ പല നയങ്ങളും പരീക്ഷണാർഥം കൊണ്ടുവന്ന് പതിറ്റാണ്ടുകളായിട്ടും കുട്ടികൾ അനുഭവിക്കുന്ന സ്ട്രെസ്സ് എന്ത് എന്നു തിരിച്ചറിയാൻ ഇവിടെയുള്ള സംവിധാനങ്ങൾ പരാജയപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളല്ലാത്ത; അൺ-എയ്ഡഡ്, പ്രൈവറ്റ് സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് സ്ട്രെസ്സ് ഇല്ലേ? ആ കുട്ടികളും കേരളത്തിൽ തന്നെയല്ലേ? എന്തുകൊണ്ടാണ് പൊതുവിദ്യാലയങ്ങളെ കുട്ടികളെ മാത്രം എപ്പോഴും ഇങ്ങനെ പരീക്ഷണവസ്തുക്കളാക്കുന്നത്?


കോവിഡാനന്തരം ഓൺലൈൻ കാഴ്ചകൾ കുട്ടികളിൽ ഉണ്ടാക്കിയ അമിതമായ ആഘോഷത്വര, instant Gratification, Celebration Culture തുടങ്ങിയവയെയെല്ലാം അഭിസംബോധന ചെയ്യുന്നതിന് പകരം സ്ട്രെസ്സ് ആണ് കുട്ടികളിൽ ലഹരിക്ക് കാരണം എന്ന വിചിത്ര വാദവുമായി വരുന്നതാണ് നാം കാണുന്നത്. ശാസ്ത്രീയമായ പഠനങ്ങളുടെയോ മനനങ്ങളുടെയോ പിൻബലമില്ലാതെ ഈ കാരണം മുന്നിൽ വെച്ച് പൊതുവിദ്യാലയങ്ങളിലെ 70 ലക്ഷത്തോളം വിദ്യാർഥികളിൽ നിർബന്ധമായും അടിച്ചേൽപിക്കുന്ന കാഴ്ചയാണ് കണ്ടത്. കേരളത്തിലെ സർക്കാർ സ്കൂളുകളിൽ അടക്കം ഡിജെ പാർട്ടികൾ നടക്കുന്നുണ്ടെന്നും അതിന്റെ മറവിൽ വ്യാപകമായ ലഹരിവിപണനം ഉണ്ടെന്നും പറയുമ്പോൾ ലോകത്ത് ഒരു വിദ്യാലയത്തിലും ലഹരിക്കെതിരെ എന്ന പേരിൽ നടപ്പിലാക്കാത്ത സൂംബ ഡാൻസ് ആണ് അതേ ഡിജെ കൾച്ചറിലേക്ക് പോകുന്ന കുട്ടികൾക്ക്

> ഈ കുത്തൊഴുക്കിൽ വിശ്വാസം പണയം വെച്ച് എടുക്കുന്ന ഏത് കപട നിലപാടുകളും പൊളിയുക തന്നെ ചെയ്യും. ദൈവിക ദർശനത്തിന്റെ വെളിച്ചത്തിൽ നന്മയുടെ പാതയിൽ മുന്നേറുന്ന വിശ്വാസികൾക്ക് ഒരുപാട് ദൃഷ്ടാന്തങ്ങൾ ഇവയിലെല്ലാം ഉണ്ട് താനും. മതമൂല്യങ്ങളിൽ ഉറച്ചു നിൽക്കാനും സമൂഹം നിസ്സാരമാക്കിയാലും തിന്മകളെ ഗൗരവത്തിൽ കാണാനും അതിനെ ചെറുത്ത് നിൽക്കാനും ധാർമികതയിൽ അടിയുറച്ച് മുന്നോട്ട് പോകുവാനും നമുക്ക് സാധിക്കണം. ഈ പുരോഗമനത്തിന്റെ പട്ടിൽ പൊതിഞ്ഞ അധാർമികതകൾ തിരിഞ്ഞ് കുത്തുമ്പോൾ, വിശ്വാസികൾക്ക് പുഞ്ചിരിതൂകി മുന്നോട്ട് പോകാൻ കഴിയും.

മുന്നിൽ അവതരിപ്പിക്കുന്നത്. ഡാൻസ് കൾച്ചറും അതുവഴി ഉത്ഭവിച്ച ഡിജെ അടക്കം സൽസ, സാംബ തുടങ്ങിയ എല്ലാ ഇടങ്ങളിലും ലഹരിയുണ്ട് എന്നത് വ്യക്തമാണ്. അവിടെയാണ് ഇതിന്റെ സാംസ്കാരിക പ്രശ്നങ്ങളെ നിഷേധിക്കുന്നവർ കണ്ണടയ്ക്കുന്നത്. കേരളത്തിൽ ഇന്നുവരെ കാണാത്ത സെന്റോഫ് കോപ്രായങ്ങൾ അരങ്ങേറുമ്പോൾ സ്ട്രെസ്സ് മൂലം മാനസിക പിരിമുറുക്കത്താൽ അതിര് വിടുന്ന കുട്ടികളെ പോലീസ് സന്നാഹത്തെ ഉപയോഗിച്ച് നിലയ്ക്ക് നിർത്താൻ ശ്രമിക്കുന്ന സർക്കാർ അനുഭവിക്കുന്ന സ്ട്രെസ്സ് വിവരണാതീതമാണ്. സ്കൂളിൽനിന്നും വീട്ടിലേക്ക് രക്ഷിതാവ് വന്ന് പോലീസ് അകമ്പടിയോടെ വിളിച്ചുകൊണ്ടുപോകണമെന്ന് പറയുന്ന ഈ സ്ട്രെസ്സ് അടിച്ച കുട്ടികളെയാണ് സർക്കാർ സൂംബ കളിപ്പിച്ച് ലഹരിയിൽനിന്നും രക്ഷപ്പെടുത്തുന്നത്.

പുരോഗമനത്തിന്റെ ഏറ്റവും പുതിയ വേർഷനാണ് നൈറ്റ് ലൈഫ് എന്നത്. കേരളത്തിൽ നൈറ്റ് ലൈഫ് ആരംഭിക്കുന്നതോടുകൂടി കേരളം പുരോഗമനത്തിന്റെ പുതിയ ഉന്നതിയിലെത്തുമെന്നാണ് പലരും കിനാവ് കാണുന്നത്. എന്നാൽ ഓരോ ദിവസവും വരുന്ന വാർത്തകളിൽ ലഹരി വിപണത്തിന്റെയും മറ്റ് അധാർമിക പ്രവർത്തനങ്ങളുടെയും ഞെട്ടിക്കുന്ന വാർത്തകൾ നാം കണ്ടുകൊണ്ടിരിക്കുന്നുമുണ്ട്. കേരളത്തിൽ നൈറ്റ് ലൈഫ് തുടങ്ങണം എന്ന് മുറവിളികൂട്ടുന്ന ആധുനികർ യാഥാർഥ്യബോധത്തോടെ മനുഷ്യബുദ്ധി വെച്ച് ദയവുചെയ്ത് ചിന്തിക്കണം.

കൊളംബിയയിൽ ആരംഭിച്ച, രണ്ടായിരത്തിന്റെ തുടക്കത്തിൽ അമേരിക്കയിലെ ഫ്ളോറിഡയിൽ രജിസ്റ്റർ ചെയ്ത, 2007ൽ ഇൻവെസ്റ്റ്മെന്റുകൾ സ്വീകരിച്ചുതുടങ്ങിയ, 2017 ആയപ്പോഴേക്കും മില്യൺ ഡോളർ വിറ്റുവരവുള്ള കമ്പനിയായി മാറിയിട്ടുണ്ട് Zumba LLC എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനി. ഇവർ ലോകത്ത് മുഴുവനായും ZIN എന്ന പേരിൽ സൂംബ ഇൻസ്ട്രക്ടേഴ്സ് നെറ്റ്‌വർക്കിൽ ആയിരങ്ങൾ നൽകി പഠിച്ച് മെമ്പർഷിപ്പ് എടുക്കുന്നവർക്ക് മാത്രം അവർ നിഷ്കർഷിക്കുന്ന രീതിയിൽ, അവർ പറയുന്ന സംഗീതം വെച്ച് ചെയ്യേണ്ട ഒന്നാണ് സൂംബ. ഈ സംഗീതങ്ങളിൽ സൂംബ LLC ലിസ്റ്റ് ചെയ്ത പാട്ടുകളിലെല്ലാം കാണാൻ പറ്റാത്ത വൃത്തികേടുകളുണ്ട്. അത് കാണാതിരുന്നാൽ പോരേ എന്ന 'നിഷ്കളങ്ക' ചോദ്യം ചോദിക്കുന്നവരുണ്ട്. സൂംബ ലോകത്ത് പ്രാക്ടീസ് ചെയ്യുന്ന എല്ലാവരും



അൽപവസ്ത്രം ധരിച്ചാണ് ചെയ്യുന്നത് എന്നിരിക്കെ അത് ഫിറ്റ്നസ് സെന്ററുകളിൽനിന്നും പൊതു വിദ്യാലയങ്ങളിലേക്ക് കൊണ്ടുവരുമ്പോൾ സ്കൂളിൽ യൂണിഫോമിൽ സൂംബ ചുവട് വെക്കുന്ന കുട്ടികൾ പിന്നീട് ഇത്തരം കൾച്ചറുകൾ സാമാന്യവൽകരിക്കുന്ന അവസ്ഥയിലേക്കാണ് എത്തിച്ചേരുക. ഇത്തരത്തിൽ ലാറ്റിൻ അമേരിക്കൻ സംസ്കാരത്തിൽനിന്നും വന്ന ഒരു നൃത്തച്ചുവട്, യൂണിഫോമിലാണ്, സ്കൂളിലാണ് എന്നെല്ലാമുള്ള ന്യായീകരണങ്ങൾ നിരത്തി നിസ്സാരവൽകരിക്കുന്നത് യഥാർഥത്തിൽ ലിബറൽ ചിന്തകളുടെ പ്രതിഫലനം മാത്രമാണ്. ഇതുതന്നെയാണ് ആൺ-പെൺ സങ്കലനത്തെ കുറിച്ചും ലിബറൽ ലോകം മുന്നോട്ട് വെക്കുന്ന കാഴ്ചപ്പാട്. അവിടെ ആണും പെണ്ണും സമമാണ് എന്നും, ആ സമത്വത്തിൽ അവർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും ലൈംഗിക കണ്ണോടെ കാണേണ്ടതില്ല എന്നുമുള്ള കാപട്യം അവർ മുന്നോട്ട് വെക്കും. സ്വാഭാവികമായും സ്ത്രീ-പുരുഷന്മാർക്കിടയിൽ ചില അതിരുകൾ വേണം എന്ന് പറയുമ്പോൾ താമസം, സ്വകാര്യത തുടങ്ങിയ കാര്യങ്ങളിലെല്ലാം അത് പാലിക്കുന്ന ആളുകൾ തന്നെ പൊതു ഇടങ്ങളിലും അത് വേണം എന്ന് പറയുമ്പോൾ അതിനെതിരെ മുറവിളി കൂട്ടും. സ്കൂളുകളിൽ കുട്ടികൾ ഒന്നിച്ച് പഠിക്കുമ്പോൾ തന്നെയും ധാർമികമായി അവർക്കിടയിൽ ചില പരിധികൾ ഉണ്ടാവണം എന്നാണ് പൊതുവിൽ എല്ലാവരും ആഗ്രഹിക്കുന്നത്.

ഇവിടെ മാധ്യമങ്ങളിലൂടെ മാത്രം കാര്യങ്ങളെ ചർച്ച ചെയ്യുകയും അവരുടെ പ്രൈം ടൈം വിഷയങ്ങളെ ആസ്പദമാക്കി പൊതുബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന രൂപം കേരളത്തിൽ കുറച്ചധികം കാലമായി തുടരുന്ന രീതിയാണ്. ഏത് വിഷയത്തെയും സ്വഭാവികമായും അതിന്റെ മെറിറ്റിൽ നിന്നുകൊണ്ടുള്ള ചർച്ചകളെക്കാൾ അവർ കൈകാര്യം ചെയ്യുക കൂടുതൽ സമയം ആളുകൾ കണ്ടുകൊണ്ടിരിക്കാൻ ഉതകുന്ന കോൺടെന്റ് ആയിട്ടാണ്. മാധ്യമ വിചാരണ, മാധ്യമ സിൻഡിക്കേറ്റ്, മാപ്ര (മാധ്യമ പ്രവർത്തകർ) എന്നിങ്ങനെയുള്ള പദങ്ങൾ അങ്ങനെയാണ് സാമാന്യവൽകരിക്കപ്പെടുന്നത്. കഴിഞ്ഞ ആഴ്ചകളിൽ വിഷയം സൂംബയായിരുന്നു. ഒരു ഡാൻസ് എന്തിന് ഇത്ര വലിയ ചർച്ചയാകണം എന്ന ചോദ്യത്തിലൂടെ മാധ്യമങ്ങൾ ഈ വിഷയത്തെ അങ്ങേയറ്റം നിസ്സാരവത്കരിക്കാനാണ് ശ്രമിച്ചത്. തക്കം പാർത്തിരിക്കുന്ന മതവിദ്വേഷത്തിന്റെ വിഷസർപ്പങ്ങൾ സടകുടഞ്ഞ് എഴുന്നേൽക്കുന്നതും നാം കണ്ടു. സാമൂഹികമായ വിഷയങ്ങളിൽ ഓരോ വ്യക്തിക്കുമുള്ള ഉത്തരവാദിത്തങ്ങളെയും അതിൽ സംഭവിക്കുന്ന പിഴവുകൾ സമൂഹത്തെ കൊണ്ടെത്തിക്കുന്ന അപകടങ്ങളെയും കുറിച്ച് ചർച്ച ചെയ്യാൻ അവർ സമയം കണ്ടില്ല. മാധ്യമങ്ങൾ ആഴമില്ലാത്ത വാക്പോരുകളിൽ ഒതുങ്ങുകയും തെറ്റായ വാർത്തകൾ നൽകുകയും ചെയ്യുന്നതിലൂടെ കുത്തക കമ്പനികൾക്ക് റേറ്റിംഗ് കൂടുമെങ്കിലും സമൂഹത്തിന്റെ റേറ്റിംഗ് കുത്തനെ കുറയുകയാണ് ചെയ്യുക.




പ്രത്യക്ഷത്തിൽ അലങ്കാരം എന്ന് തോന്നിക്കുന്ന ലിബറൽ ആശയങ്ങളിലേക്ക് എളുപ്പത്തിൽ ഇക്കൂട്ടർ വഴുതിവീഴുമ്പോഴും, ജെൻഡർ ന്യൂട്രാലിറ്റിയും സൂംബ ഡാൻസുമെല്ലാം വലിയ പുരോഗമന വാർത്തയാകുമ്പോഴും നമ്മെ സംബന്ധിച്ചിടത്തോളം അതിൽ അകപ്പെടാതിരിക്കാനുള്ള കൃത്യമായ ധാർമിക അടിത്തറ നമുക്കുണ്ട്. ഈ കുത്തൊഴുക്കിൽ വിശ്വാസം പണയം വെച്ച് എടുക്കുന്ന ഏത് കപട നിലപാടുകളും പൊളിയുക തന്നെ ചെയ്യും. ദൈവിക ദർശനത്തിന്റെ വെളിച്ചത്തിൽ നന്മയുടെ പാതയിൽ മുന്നേറുന്ന വിശ്വാസികൾക്ക് ഒരുപാട് ദൃഷ്ടാന്തങ്ങൾ ഇവയിലെല്ലാം ഉണ്ട് താനും. മതമൂല്യങ്ങളിൽ ഉറച്ചു നിൽക്കാനും സമൂഹം നിസ്സാരമാക്കിയാലും തിന്മകളെ ഗൗരവത്തിൽ കാണാനും അതിനെ ചെറുത്ത് നിൽക്കാനും ധാർമികതയിൽ അടിയുറച്ച് മുന്നോട്ട് പോകുവാനും നമുക്ക് സാധിക്കണം. ഈ പുരോഗമനത്തിന്റെ പട്ടിൽ പൊതിഞ്ഞ അധാർമികതകൾ തിരിഞ്ഞ് കുത്തുമ്പോൾ, സമൂഹം അതിദൂരം ഈ അരാജകവീഥി പിന്നിടുമ്പോൾ, വിരൽകടിച്ച് മടങ്ങാൻ സാധിക്കാത്തത്ര പ്രശ്നത്തിൽ അകപ്പെടുമ്പോൾ, വിശ്വാസികൾക്ക് പുഞ്ചിരിതൂകി മുന്നോട്ട് പോകാൻ കഴിയും. ■



ഡോ. ടി. കെ. യൂസുഫ്
: 9349798262

ക്വുർആൻ കഥകളിലെ ദൃഷ്ടാന്തങ്ങൾ 04

# സംഭാഷണങ്ങളിലെ മാനസിക ഭാവങ്ങൾ

ക്വുർആനിലെ ധാരാളം കഥകൾ സംഭാഷണ രൂപത്തിലാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ആദമി(അ)ന്റെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട് അല്ലാഹുവും മലക്കുകളും തമ്മിൽ സംഭാഷണം നടത്തുന്നതായി കാണാം: "ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാൻ പോകുകയാണ് എന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുന്നത്" (അൽബക്വറ : 30).

അല്ലാഹുവും ഇബ്‌ലീസും തമ്മിലുള്ള സംഭാഷണം: "അവൻ (അല്ലാഹു) പറഞ്ഞു: 'ഞാൻ നിന്നോട് കൽപിച്ചപ്പോൾ സുജൂദ് ചെയ്യാതിരിക്കാൻ നിനക്കെന്ത് തടസ്സമായിരുന്നു?' അവൻ പറഞ്ഞു: 'ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽനിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽനിന്നും" (അൽഅഅ്റാഫ്: 12).

കൂടുതൽ സംഭാഷണം കാണുന്നത് മൂസാ നബി(അ)യുടെ കഥ പറയുന്നിടത്താണ്. ക്വുർആനിൽ പലയിടങ്ങളിലായി കൂടുതൽ അവർത്തിക്കപ്പെട്ടിട്ടുള്ളതും അദ്ദേഹത്തിന്റെ ചരിത്രമാണ്. അല്ലാ

ക്വുർആനിലെ ധാരാളം കഥകൾ സംഭാഷണ രൂപത്തിലാണ് അവതരിപ്പിക്കപ്പെട്ടിട്ടുളളത്. ആദമി(അ)ന്റെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട് അല്ലാഹുവും മലക്കുകളും തമ്മിൽ സംഭാഷണം നടത്തുന്നതായി കാണാം. മൂസാ നബി(അ)യും ഫിർഔനും തമ്മിലുളള സംഭാഷണം രണ്ടുപേരുടെയും മാനസികാവസ്ഥ വളരെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ഇതരകഥകളിലെ സംഭാഷണങ്ങളിൽ കഥാപാത്രങ്ങൾ തമ്മിലുളള സംഭാഷണത്തിൽ അവരുടെ വികാരങ്ങൾ ചിത്രീകരിക്കപ്പെടുന്നത് പോലെ ക്വുർആൻ കഥകളിലും കാണാവുന്നതാണ്. എന്നാൽ ഒരു ചെറുകഥയിലെന്ന പോലെ കുറഞ്ഞ സമയം കൊണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്ന ശൈലിയാണ് ക്വുർആൻ സ്വീകരിച്ചിട്ടുളളത്. ചില ഭാഗങ്ങൾ ചില അധ്യയങ്ങളിലും മറ്റു ചില ഭാഗങ്ങൾ വേറെ അധ്യായങ്ങളിലുമായാണ് ക്വുർആൻ വിവരിക്കുന്നത്.

ഹുവും മൂസാനബി(അ)യും തമ്മിലുള്ള ഒരു സംഭാഷണം ഇപ്രകാരമാണ്: "അല്ലാഹു പറഞ്ഞു: 'ഹേ, മൂസാ! നിന്റെ വലതുകയ്യിലുള്ള ആ വസ്തു എന്താകുന്നു?' അദ്ദേഹം പറഞ്ഞു: 'ഇത് എന്റെ വടിയാകുന്നു. ഞാനതിന്മേൽ ഊന്നിനിൽക്കുകയും അതുകൊണ്ട് എന്റെ ആടുകൾക്ക് (ഇല) അടിച്ചുവീഴ്ത്തികൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് എനിക്ക് വേറെയും ഉപയോഗങ്ങളുണ്ട്"(താഹാ: 17).

മൂസാ നബി(അ)യും ഫിർഔനും തമ്മിലുളള സംഭാഷണം രണ്ടുപേരുടെയും മാനസികാവസ്ഥ വളരെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. മൂസാ നബി(അ)യുടെ ശാന്തഭാവവും ഫിർഔനിന്റെ അസ്വസ്ഥതയും ഇതിൽ കാണാവുന്നതാണ്. തുടക്കത്തിൽ ഫിർഔൻ മൂസാ(അ)യുടെയും ഹാറൂനിന്റെ(അ)യും റബ്ബിനെ കുറിച്ച് അജ്ഞത നടിക്കുകയാണ്. അപ്പോൾ മൂസാ(അ) അതിന് അനുയോജ്യമായ മറുപടി തന്നെ നൽകി. എന്നാൽ ഫിർഔൻ അതിനെ ഗൗനിക്കാതെ പൂർവ സമുദായത്തിന്റെ അവസ്ഥയെ കുറിച്ച് മറ്റൊരു ചോദ്യം കൊണ്ട് വിഷയം മാറ്റാനാണ് ശ്രമിക്കുന്നത്. മൂസാ(അ) അതിന് മറുപടി നൽകിയതിന് ശേഷം സ്രഷ്ടാവായ രക്ഷിതാവിനെ കുറിച്ച് വിശദമായ മറുപടിയാണ് നൽകുന്നത്. ഫിർഔനിന്റെ ചോദ്യത്തിന്റെ മറുപടി ആശങ്കയോടെ പ്രതീക്ഷിക്കുന്ന സദസ്യർക്ക് ഇത് തൃപ്തികരമായ ഒരു മറുപടിയാണ്. അത് ക്വുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

"അവൻ (ഫിർഔൻ) ചോദിച്ചു: 'ഹേ, മൂസാ! അപ്പോൾ ആരാണ് നിങ്ങളുടെ രണ്ടു പേരുടെയും രക്ഷിതാവ്?' അദ്ദേഹം (മൂസാ) പറഞ്ഞു: 'ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് അതിന് വഴികാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്.' അവൻ പറഞ്ഞു: 'അപ്പോൾ മുൻതലമുറകളുടെ അവസ്ഥയെന്താണ്?' അദ്ദേഹം പറഞ്ഞു: 'അവരെ സംബന്ധിച്ചുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ ഒരു രേഖയിലുണ്ട്. എന്റെ രക്ഷിതാവ് പിഴച്ചുപോകുകയില്ല. അവൻ മറന്നുപോകുകയുമില്ല"(ത്വാഹാ: 49).

പിന്നീട് ഫിർഔൻ മൂസാ(അ)യെ നിസ്സാരനാക്കി തന്റെ മേൽക്കോയ്മ സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. അവൻ (ഫിർഔൻ) പറഞ്ഞു: "കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ? നിന്റെ ആയുസ്സിൽ കുറെ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിച്ചുകൂട്ടിയിട്ടുമുണ്ട്. നീ ചെയ്ത നിന്റെ ആ ദുഷ്പ്രവൃത്തി നീ ചെയ്യുകയുണ്ടായി. നീ നന്ദികെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു" (ശുഅറാഅ്: 18-19).

ഇതരകഥകളിലെ സംഭാഷണങ്ങളിൽ കഥാപാത്രങ്ങൾ തമ്മിലുളള സംഭാഷണത്തിൽ അവരുടെ വികാരങ്ങൾ ചിത്രീകരിക്കപ്പെടുന്നത് പോലെ ക്വുർആൻ കഥകളിലും കാണാവുന്നതാണ്. എന്നാൽ ഒരു ചെറുകഥയിലെന്ന പോലെ കുറഞ്ഞ സമയം കൊണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്ന ശൈലിയാണ് ക്വുർആൻ സ്വീകരിച്ചിട്ടുളളത്. ചില ഭാഗങ്ങൾ ചില അധ്യയങ്ങളിലും മറ്റു ചില ഭാഗങ്ങൾ വേറെ അധ്യായങ്ങളിലുമായാണ് ക്വുർആൻ വിവരിക്കുന്നത്.

മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും ദൂതന്മാരുടെയും ജീവിതത്തിൽനിന്ന് നമുക്ക് മനസിക്കാൻ കഴിയുന്ന ഒരു യാഥാർഥ്യം അവരെല്ലാം ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിട്ടിരുന്നു എന്നതാണ്. ഉദാഹരണമായി; ആദം

നബി(അ)യുടെ ഒരു മകൻ മറ്റൊരു മകനെ വധിക്കുന്നു. ഒരു പിതാവിനെ സംബന്ധിച്ചേടത്തോളം ഇതിനെക്കാൾ വലിയ ഒരു പരീക്ഷണം വേറെ ഉണ്ടാകാനിടയില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെയാണ് ഇത് സംഭവിച്ചത് എന്നാണ് ചരിത്രത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. കാരണം ഹാബീലും കാബീലും ആദമിന്റെ ആദ്യകാല സന്തതികളിൽ പെട്ടവരായിരുന്നു.

നൂഹ് നബി(അ)യുടെ ജീവിത്തിൽ സ്വന്തം ഭാര്യയും മകനും അദ്ദേഹത്തിന്റെ പ്രബോധത്തിന് എതിരായിരുന്നു. വിശ്വസിച്ചില്ല എന്ന് മാത്രമല്ല പ്രളയം സംഭവിക്കുമെന്ന് ഉറപ്പായിട്ടും അവൻ കപ്പലിൽ കയറാതെ മലമുകളിൽ കയറി രക്ഷപ്പെട്ടുകൊള്ളാമെന്ന് പറയുകയാണ്. ധിക്കാരം കൊണ്ട് സ്വയം നശിക്കുന്ന ഒരു മകൻ പിതാവിന് ഒരു പരീക്ഷണം തന്നെയാണ്. ഇതുപോലെ എല്ലാ പ്രവാചകരിലും എന്തെങ്കിലും പരീക്ഷണങ്ങൾ കാണാവുന്നതാണ്. വിശ്വാസികളെ തിരിച്ചറിയാൻ വേണ്ടി പൂർവസമുദായങ്ങളെ പരീക്ഷിച്ചിട്ടുണ്ട് എന്ന് ഖുർആൻ പറയുന്നുണ്ട്.

> ❝
>
> സ്ത്രീകൾ പൊതുവെ ദുർബലരാണെങ്കിലും അവർക്ക് അവരുടെതായ വ്യക്തിത്വവും തന്റേടവും ഇഛാശക്തിയുമുണ്ട് എന്ന് വ്യക്തമാക്കുന്നതാണ് ഫിർഔനിന്റെ ഭാര്യയുടെ നിലപാട്. മൂസാ(അ) പറയുന്നതാണ് ശരി എന്ന് ബോധ്യപ്പെട്ടതോടുകൂടി അവൾ പ്രലോഭനത്തിനും സമ്മർദത്തിനും കീഴടങ്ങാതെ സത്യത്തിന്റെ കൂടെ നിൽക്കുകയാണ് ചെയ്തത്

“ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതുകൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനഷ്യർ വിചാരിക്കുകയാണോ? അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്...” (അൽഅൻകബൂത്: 2,3).

പൂർവ പ്രവാചകന്മാർ പ്രബോധനവുമായി വന്ന സമയത്ത് അവർക്ക് എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും അവർ വിശ്വാസത്തിന്റെ കരുത്ത് ജനങ്ങളുടെ മുമ്പിൽ പ്രകടിപ്പിച്ചതായി കാണാം.

“നീ അവർക്ക് നൂഹിനെപ്പറ്റിയുള്ള വിവരം ഓതികേൾപിക്കുക. അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: ‘എന്റെ ജനങ്ങളേ, എന്റെ സാന്നിധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള എന്റെ ഉൽബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെമേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുകൊള്ളൂ. പിന്നെ നിങ്ങളുടെ കാര്യത്തിൽ നിങ്ങൾക്ക് ഒരു അവ്യക്തതയും ഉണ്ടായിരിക്കരുത്. എന്നിട്ട് എന്റെ നേരെ നിങ്ങൾ നടപ്പിൽ വരുത്തൂ. എനിക്ക് നിങ്ങൾ ഇട തരികയേ വേണ്ട. ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുന്ന പക്ഷം ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിച്ചിട്ടില്ല. എനിക്ക് പ്രതിഫലം തരേണ്ടത് അല്ലാഹു മാത്രമാകുന്നു. അല്ലാഹുവിന് കീഴ്പെടുന്നവരുടെ കൂട്ടത്തിൽ ആയിരിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുളളത്” (യൂനുസ്: 71-72).

ഇബ്റാഹിം നബി(അ) തന്നെ എതിർത്ത ജനങ്ങളോട് ഇതിനെക്കാളും ആർജവത്തോടെയാണ് മറുപടി പറയുന്നത്. അദ്ദേഹം പറഞ്ഞു: “അപ്പോൾ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ; നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും? എന്നാൽ അവർ (ദൈവങ്ങൾ) എന്റെ ശത്രുക്കളാകുന്നു. ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗനിർദേശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ” (ശുഅറാഅ്: 75-81).

മൂസാ നബി(അ)യും അദ്ദേഹത്തെ പിൻപറ്റിയ ജാലവിദ്യക്കാരും ഫിർഔനിനോട് പറഞ്ഞത് വളരെ ധീരതയോടെയാണ്. അവർ പറഞ്ഞു: “ഞങ്ങൾക്ക് വന്നുകിട്ടിയ പ്രത്യക്ഷമായ തെളിവുകളെക്കാളും ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകുകയില്ല തന്നെ. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ചുകൊള്ളുക. ഈ ഐഹിക ജീവിതത്തിൽ മാത്രമെ നീ വിധിക്കുകയുള്ളൂ” (ത്വാഹാ: 72).

ഇബ്റാഹീം നബി(അ) തന്റെ പിതാവിനെ തൗഹീദിലേക്ക് ക്ഷണിക്കുമ്പോൾ വളരെ വിനയത്തോടും ബഹുമാനത്തോടെയുമാണ് അഭിസംബോധന ചെയ്യുന്നത്. ‘എന്റെ പിതാവേ’ എന്നതിന് ‘യാ അബീ എന്ന പദമാണ് അറബിയിൽ ഉപയോഗിക്കാറുള്ളത്.

എന്നാൽ ഇബ്റാഹീം നബി(അ) ഇവിടെ 'യാ ബുനയ്യ' എന്ന് പറയുന്നതുപോലെ 'യാ അബതി' എന്ന് വളരെ സ്നേഹത്തോടുകൂടിയാണ് പറയുന്നത്. അതുപോലെ പ്രബോധനം ഫലപ്രദമാകാതെ അദ്ദേഹം പിന്തിരിയുന്ന സന്ദർഭത്തിൽ നിങ്ങളെ വെടിയുന്നു എന്ന് പറയുന്നിടത്ത് ബഹുവചനരൂപത്തിൽ 'അഅ്തസിലുകും' എന്ന് ബഹുമാനപുരസ്സരമാണ് പറയുന്നത്.

**സ്ത്രീ സഹജ വികാരങ്ങൾ**

മറ്റു മത നിയമസംഹിതകളിലൊന്നും കണാത്തവിധം സ്ത്രീകളുടെ അവകാശങ്ങൾ നമുക്ക് ക്വുർആനിൽ കാണാം. ആദം നബി (അ) സ്വർഗത്തിൽനിന്ന് പുറത്താക്കാൻ വേണ്ടി പിശാച് ആദ്യം ഹവ്വയോട് ദുർബോധനം നടത്തി എന്നാണ് ബൈബിളിലുള്ളത്. എന്നാൽ ക്വുർആനിൽ 'അവരിൽ നിന്ന് മറച്ചുവെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി പിശാച് അവർ ഇരുവരോടും ദുർമന്ത്രണം നടത്തി' (അഅ്റാഫ്: 20) എന്നാണ് പറയുന്നത്. ആ തെറ്റിൽനിന്ന് പശ്ചാതപിക്കുന്നത് അവർ രണ്ടുപേരും കൂടിയാണ്.

"അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (അൽഅഅ്റാഫ്: 23).

ഇബ്റാഹീം നബി(അ)ക്ക് സന്താനമുണ്ടാകുന്നതിനെ കുറിച്ച് ഒരിക്കൽ അദ്ദേഹത്തിന് സന്തോഷ വാർത്ത അറിയിച്ചുവെന്നും (ദാരിയാത്: 28) മറ്റൊരിടത്ത് അവൾക്ക് സന്തോഷ വാർത്ത അറിയിച്ചുവെന്നും (ഹൂദ്: 71) പറയുന്നതായി കാണാം. ഒരാളെ അറിയിച്ചാൽ തന്നെ മതിയെങ്കിലും സ്ത്രീകൾക്ക് നൽകിയ പരിഗണനയാണ് ഇവിടെ വ്യക്തമാകുന്നത്.

**മാതൃവികാരം**

ഒരു കുഞ്ഞുണ്ടാകാനുള്ള ആഗ്രഹം സ്ത്രീകളുടെ സഹജമായ വികാരമാണ്. കുഞ്ഞിനെ ലഭിച്ചാൽ ഓരോ സ്ത്രീക്കും അവളുടെ കുഞ്ഞ് പ്രിയപ്പെട്ടതുമായിരിക്കും. ഈ രണ്ട് വികാരങ്ങളും നമുക്ക് ഫിർഔനിന്റെ ഭാര്യയിലും മൂസാ(അ)യുടെ മാതാവിലും കാണാം. ഫിർഔനിന്റെ ഭാര്യ പറഞ്ഞു: "എനിക്കും അങ്ങേക്കും കണ്ണിന് കുളിർമയത്രെ (ഈ കുട്ടി). അതിനാൽ ഇവനെ നിങ്ങൾ കൊല്ലരുത്. ഇവൻ നമുക്ക് ഉപകരിച്ചേക്കാം. അല്ലെങ്കിൽ ഇവനെ നമുക്ക് ഒരു മകനായി സ്വീകരിക്കാം" (അൽഖസ്വസ്വ്: 9). "മൂസായുടെ മാതാവിന്റെ മനസ്സ് (അന്യചിന്തകളിൽ നിന്ന്) ഒഴിവായിത്തീർന്നു. അവളുടെ മനസ്സിനെ നാം ഉറപ്പിച്ചു നിർത്തിയില്ലായിരുന്നുവെങ്കിൽ അവന്റെ കാര്യം അവൾ വെളിപ്പെടുത്തുമായിരുന്നു"(അൽ ഖസ്വസ്വ്:10).

സ്ത്രീസഹജമായ മറ്റൊരു വികാരമാണ് ലജ്ജയും നാണവും. ഈ വികാരം മൂസാ നബി(അ)യുടെ ചരിത്രത്തിൽ മദ്യനിലെ വൃദ്ധന്റെ മകളിലൂടെ വെളിപ്പെടുത്തുന്നതായി കാണാം: "അപ്പോൾ ആ രണ്ട് സ്ത്രീകളിൽ ഒരാൾ നാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് ചെന്നിട്ട് പറഞ്ഞു: 'താങ്കൾ ഞങ്ങൾക്ക് വേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്ക് നൽകുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു" (അൽഖസ്വസ്വ്: 25). സ്ത്രീസഹജമായ നാണത്തോടു കൂടിയാണ് അവൾ വന്നതെങ്കിലും വളരെ സൂക്ഷ്മവും വ്യക്തവുമായ രൂപത്തിലാണ് അവൾ വന്ന കാര്യം പറഞ്ഞത്.

സ്ത്രീകൾ പൊതുവെ ദുർബലരാണെങ്കിലും അവർക്ക് അവരുടെതായ വ്യക്തിത്വവും തന്റേടവും ഇച്ഛാശക്തിയുമുണ്ട് എന്ന് വ്യക്തമാക്കുന്നതാണ് ഫിർഔനിന്റെ ഭാര്യയുടെ നിലപാട്. മൂസാ(അ) പറയുന്നതാണ് ശരി എന്ന് ബോധ്യപ്പെട്ടതോടുകൂടി അവൾ പ്രലോഭനത്തിനും സമ്മർദത്തിനും കീഴടങ്ങാതെ സത്യത്തിന്റെ കൂടെ നിൽക്കുകയാണ് ചെയ്തത്:

"സത്യ വിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്ത് കാണിച്ചിരിക്കുന്നു. അവൾ പറഞ്ഞ സന്ദർഭം: 'എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും ഫിർഔനിൽനിന്നും അവന്റെ പ്രവർത്തനത്തിൽനിന്നും എന്നെ നീ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽനിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ"(അത്തഹ്രീം:11).


ക്വുർആനിൽ പരാമർശിച്ച ഏക വനിതയും ലോക സ്ത്രീകളിൽനിന്ന് അല്ലാഹു തെരഞ്ഞെടുത്തവരും ഏറെ മഹത്ത്വമുള്ളവരുമായ മർയമിന്റെ കൂടെയാണ് ഇവിടെ ഫിർഔനിന്റെ ഭാര്യയുടെ പേര് പറയുന്നത്. സ്ത്രീ ദുർബലയാകുന്ന രംഗങ്ങളും ക്വുർആൻ വെളിപ്പെടുത്തുന്നുണ്ട്.

*(തുടരും)*

വിമർശനം

# ജമാഅത്തെ ഇസ്‌ലാമി പ്രമാണങ്ങൾക്കൊപ്പമോ?

മൂസ സ്വലാഹി കാര
: 97473 45768



പ്രമാണങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളുമായി സമൂഹത്തിൽ നിലകൊള്ളുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി എന്ന പ്രചാരണം നേതാക്കളിൽനിന്നും അതിന്റെ സംവിധാനങ്ങൾ വഴിയും വല്ലാതെ വർധിച്ചതായി കാണപ്പെടുന്നു. മതവിഷയങ്ങളിൽ പലതിനോടും പുച്ഛമനോഭാവവും പരിഹാസവും വെച്ചുപുലർത്തുന്ന ഇവർ വാസ്തവം മറച്ചുവെച്ചുകൊണ്ട് 'വിശുദ്ധി' ചമയുകയാണ് ചെയ്യുന്നത്. ജമാഅത്തിന്റെ ആശയ ഉപജ്ഞാതാവ് മൗദൂദി നടത്തിയ പ്രമാണ വക്രീകരണത്തെ അതേപടി അനുവർത്തിക്കുന്ന ഇക്കൂട്ടർ തെളിവുകളുടെ നേർവക്താക്കളാകുന്നതെങ്ങനെയാണ്? പ്രമാണ സമീപനം എങ്ങനെയാകണമെന്ന് അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കിതാ കണ്ണുതുറപ്പിക്കുന്ന തെളിവുകൾ വന്നെത്തിയിരിക്കുന്നു. വല്ലവനും അത് കണ്ടറിഞ്ഞാൽ അതിന്റെ ഗുണം അവന്ന് തന്നെയാണ്. വല്ലവനും അന്ധത കൈക്കൊണ്ടാൽ അതിന്റെ ദോഷവും അവന്നു തന്നെ. ഞാൻ നിങ്ങളുടെ മേൽ ഒരു കാവൽക്കാരനൊന്നുമല്ല" (ക്വുർആൻ 6:104).

ജമാഅത്ത് അമീർ പി.മുജീബുറഹ്മാൻ സാഹിബ് നിലപാടറിയിച്ച് നടത്തിയ കൗതുകകരമായൊരു പത്രപ്രസ്താവന വായിക്കാം: "ഹദീസ് നിഷേധം ഇസ്‌ലാമിനെതിരായ ഒളിയുദ്ധം. ഹദീസ് നിഷേധത്തിലൂടെ ശത്രുക്കൾ ലക്ഷ്യമിടുന്നത് പ്രവാചകചര്യയെയും ചരിത്രത്തെയും അധ്യാപനങ്ങളെയും മാത്രമല്ല ഇസ്‌ലാ

തക്വ്‌വക്ക് കോട്ടം തട്ടിക്കുന്ന മ്യൂസിക്കിനും ആത്മീയതയെ ആപത്തിലാക്കുന്ന സൂഫി ഖവാലിക്കും ഗുഡ് സർട്ടിഫിക്കറ്റ് നൽകാൻ പ്രബോധനത്തിന് മടിയില്ല: "ഭക്തിപ്രസ്ഥാനം, സൂഫിസം തുടങ്ങിയവയും സംഗീതത്തിന് ഒട്ടേറെ സംഭാവനകളർപ്പിച്ചിട്ടുണ്ട്. ഖവാലി അതുവഴി രൂപപ്പെട്ടു വന്നതാണ്. അന്നത്തെ സാമൂഹിക സാഹചര്യം ഇതിൽ പലതരം സ്വാധീനങ്ങളുണ്ടാക്കിയിട്ടുണ്ട്" (പ്രബോധനം സ്പെഷ്യൽ പതിപ്പ്).

മിനെത്തന്നെ തകർക്കുകയെന്നതാണെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ പി. മുജീബുറഹ്മാൻ... ഹദീസ് നിഷേധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനെയും സുന്നത്തിനെയും കുറിച്ച് വിശ്വാസികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനുള്ള ശ്രമങ്ങളെ മുസ്‌ലിം സമുദായം ശക്തമായി നേരിടണം" (മാധ്യമം, 31-08-2024 വ്യാഴം, പേജ് 9).

ഈ പ്രസ്താവനയെ കൗതുകകരമെന്നു വിശേഷിപ്പിക്കാൻ കാരണം ജമാഅത്തെ ഇസ്‌ലാമി ഇതപര്യന്തം പ്രമാണങ്ങളോട് പുലർത്തിപ്പോരുന്ന നിലപാടാണ്. അതെന്തെന്ന് ഈ കുറിപ്പ് മുഴുവൻ വായിച്ചാൽ മനസ്സിലാകും.

**ആശയ സ്ഥാപകന്റെ നിഷേധത്തെ വെള്ളപൂശുന്നു!**

മൗദൂദിയുടെ ആദർശധാരയെ പിൻപറ്റിപ്പോരുന്ന ഇവർ അദ്ദേഹത്തിന്റെ പ്രമാണ ദുർവ്യാഖ്യാനത്തിന് സംരക്ഷണ വലയം തീർത്ത് ആ തെറ്റ് തുടരുകയാണ്. നിരവധി ആയത്തുകളെ 'ഹുകൂമത്തെ ഇലാഹി'ക്ക് വേണ്ടി മൗദൂദി ദുർവ്യാഖ്യാനിച്ചു. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പലതിനെയും അഹ്‌ലുസ്സുന്നക്ക് വിരുദ്ധമായി വിശദീകരിച്ചു. ഖബറുൽ ആഹാദായ ഹദീസുകൾ വിശ്വാസ കാര്യങ്ങൾക്ക് തെളിവാകില്ലെന്ന് ജൽപിച്ചു. നബിചര്യയിൽ സ്ഥിരപ്പെട്ട ഒട്ടേറെ വിഷയങ്ങളെ വെറും കർമശാസ്ത്ര ചർച്ചകളാക്കി ഒതുക്കി. ഖുർആൻ വിവരണമടക്കം പല രചനകളും ഇതിനായി അദ്ദേഹം നിർവഹിച്ചു. തഫ്ഹീമാത്ത് എന്ന ഗ്രന്ഥ പരമ്പരയിലൂടെ മൗദൂദി തന്റെ പ്രമാണനിഷേധ മുഖത്തെ മിനുക്കിയെടുത്തപ്പോൾ 'പ്രവാചകൻ, പ്രവാചകത്വം, ഹദീസ് നിഷേധം' എന്ന പേരിൽ ഐപിഎച്ച് അത് മൊഴിമാറ്റം നടത്തുകയും മുഖവുരയിൽ അതിനെപ്പറ്റി വാചാലമാവുകയും ചെയ്തു:

"ഹദീസ് നിഷേധികളുടെ വിതണ്ഡവാദങ്ങളെ പ്രമാണങ്ങളിലൂടെ മാത്രമല്ല, യുക്തിഭദ്രമായും പൊളിച്ചടുക്കുന്ന മൗലാനയുടെ സവിശേഷമായ കുലീന ശൈലി ഈ വിശകലനങ്ങളിൽ തെളിഞ്ഞു കാണാം...ഹദീസ് നിഷേധ പ്രവണതക്ക് കേരളത്തിൽ പുതുജീവൻ വെച്ച ഇക്കാലത്ത് തികച്ചും പ്രസക്തമാണ് ഈ കൃതി"(പേജ് 5).

എന്നാൽ തനിക്ക് സംഭവിച്ച പിഴവുകൾ അനേകം പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടും മൗദൂദി സാഹിബ് തിരുത്താൻ തയ്യാറായിട്ടില്ല! ജമാഅത്തുക്കാർ അയാളെ മഹത്ത്വവത്ക്കരിച്ചു എന്നല്ലാതെ 'തിരുത്തുക' എന്ന ബാധ്യത അവരും എവിടെയും നിർവഹിച്ചതായി കണ്ടിട്ടില്ല! അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ പണ്ഡിതന്മാർ മൗദൂദിക്ക് കൊടുത്ത മറുപടികൾ അവർക്ക് മുമ്പിൽ ഇന്നും വലിയ വെല്ലുവിളിയായി അവശേഷിക്കുകയാണ്.

**'പ്രബോധനം' 75 വർഷത്തെ പ്രമാണനീരസ മാധ്യമം!**

പ്രബോധനമെന്ന അവരുടെ പ്രസിദ്ധീകരണത്തിന്റെ 75ാം വാർഷികാഘോഷ വേളയിൽ ജമാഅത്തുകാർ അഭിമാനമായി പറഞ്ഞത് വായിക്കാം: "അതിനാൽ ഇസ്‌ലാമിനെ ഖുർആന്റെയും നബിചര്യയുടെയും വെളിച്ചത്തിൽ പ്രാമാണികമായി അവതരിപ്പിക്കുകയായിരുന്നു 'പ്രബോധന'ത്തിന്റെ പ്രഥമ ദൗത്യം" (മാധ്യമം, 2024 നവംബർ 29 വെള്ളി, പേജ് 6).

ദീൻ, റബ്ബ്, ഇബാദത്ത് പോലുള്ള ഇസ്‌ലാമിലെ സാങ്കേതിക പദങ്ങളെ ദുർവ്യാഖ്യാനിച്ച മൗദൂദിയൻ ആശയങ്ങൾ സമൂ

ഹത്തിൽ പ്രചരിപ്പിച്ചതിൽ പ്രബോധനത്തിനുള്ള പങ്ക് അനിഷേധ്യമാണ്.

“വാള്യങ്ങൾ വരുന്ന സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ എന്ന വിഖ്യാതമായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥം മുഴുവൻ വർഷങ്ങളെടുത്ത് ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചത് ഇതിന്റെ ഭാഗമായിരുന്നു” (മാധ്യമം, 2024 നവംബർ 29 വെള്ളി, പേജ് 6).

വിശ്വാസ മേഖലയിൽ സമൂഹത്തെ മൂടിപ്പൊതിഞ്ഞ ജീർണതകളിൽനിന്ന് അവരെ മോചിപ്പിക്കാനും കർമാനുഷ്ഠാനങ്ങളുടെ മഹത്ത്വം പഠിപ്പിക്കാനും പണ്ഡിതന്മാർ നടത്തിയ പ്രയത്നങ്ങളൊക്കെ ഇവരുടെ കണ്ണിൽ സംഘടനാപരമായ തർക്കങ്ങളും കാലഹരണപ്പെട്ട കർമശാസ്ത്ര ചർച്ചകളുമാണ്:

“മലയാളത്തിലെ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ സംഘടനാപരമായ തർക്കങ്ങളിലും പരസ്പരമുള്ള രൂക്ഷ ശകാരങ്ങളിലും കാലഹരണപ്പെട്ട കർമശാസ്ത്ര ചർച്ചകളിലും മാത്രം അഭിരമിച്ചിരുന്ന അന്തരീക്ഷത്തിലാണ് പ്രബോധനം പിറന്നു വീണത്” (പ്രബോധനം സ്പെഷ്യൽ പതിപ്പ് 2024/പേജ്,21).

പ്രവാചക ചര്യയനുസരിച്ച് അഹ്‌ലുസ്സുന്ന കൈക്കൊള്ളുന്ന പല നിലപാടുകളും പ്രബോധനത്തിന്റെ കാഴ്ചപ്പാടിൽ ശാഖാപരം മാത്രമാണ്: “ഒരേ ദീനിന്റെ വക്താക്കളെന്ന് പറയുമ്പോഴും സമുദായത്തിനിടയിൽ ശാഖാപരവും മൗലികമെന്ന് പറയേണ്ടിവരുന്നതുമായ അഭിപ്രായവ്യത്യാസങ്ങളുണ്ടെന്നത് വസ്തുതയാണ്. പ്രഭാത നമസ്കാരത്തിലെ ഖുനൂത്ത്, നമസ്കാരത്തിൽ ബിസ്മി ഉറക്കെ ചൊല്ലൽ, തക്ബീറത്തുൽ ഇഹ്റാമിൽ കൈകെട്ടേണ്ട രീതി എന്നിങ്ങനെയുള്ള വിഷയങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ തീർത്തും ശാഖാപരം എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്”(പ്രബോധനം, 2024 ജൂലൈ 26, പേജ് 19).

ഇവയോരോന്നിലും നബി(സ്വ)യിൽനിന്നുള്ള ഹദീസുകൾ വ്യക്തമായിരിക്കെ അത് പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും കേവലം ശാഖാപരം എന്നു പറഞ്ഞ് തള്ളിക്കളയേണ്ടതാണോ? ഹദീസ് ഗ്രന്ഥങ്ങളിൽ പ്രത്യേകം പ്രതിപാദിച്ച കർമപരമായ കാര്യങ്ങളെയെല്ലാം ശാഖാപരമെന്നു വിധിച്ച് അവഗണിച്ചാൽ പിന്നെ ഏതൊക്കെ കർമമാണ് ബാക്കിയുണ്ടാവുക?

തെളിവുകൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനോട് വിമുഖത കാണിക്കുന്നവരുടെ പൊതുസ്വഭാവമാണ് ‘അക്ഷരവായന’ എന്ന് അക്ഷേപിക്കൽ. പ്രബോധനത്തിന് അത് ഇത്തിരി കൂടുതലുമാണ്.

“അക്ഷരങ്ങളല്ല, ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പരിഗണിക്കുക. ധാർമികത തീണ്ടാത്ത പ്രവർത്തനങ്ങളെ ന്യായീകരിക്കാനായി ചിലർ അക്ഷരവായന നടത്തുന്നതുകൊണ്ട് സംഭവിക്കുന്ന അഭിപ്രായ ഭിന്നത ഇല്ലാതാക്കാൻ സഹായിക്കുന്ന തത്ത്വമാണിത്... ഉദാഹരണമായി ഭ്രൂണശാസ്ത്രവുമായി ബന്ധപ്പെട്ട ചില ഹദീസുകൾക്ക് അക്ഷരവായനയിലൂടെ നൽകിയ തെറ്റായ വ്യാഖ്യാനം” (പ്രബോധനം, 2024 ആഗസ്റ്റ് 2, പേജ് 23).

തഖ്‌വക്ക് കോട്ടം തട്ടിക്കുന്ന മ്യൂസിക്കിനും ആത്മീയതയെ ആപത്തിലാക്കുന്ന സൂഫി ഖവാലിക്കും ഗുഡ് സർട്ടിഫിക്കറ്റ് നൽകാൻ പ്രബോധനത്തിന് മടിയില്ല: “ഭക്തിപ്രസ്ഥാനം, സൂഫിസം തുടങ്ങിയവയും സംഗീതത്തിന് ഒട്ടേറെ സംഭാവനകളർപ്പിച്ചിട്ടുണ്ട്. ഖവാലി അതുവഴി രൂപപ്പെട്ടു വന്ന

ഉത്തമ തലമുറയോളം ഉയർന്നവർ ഇനി ലോകത്ത് വരാനില്ല. ആരാധനകളുടെ ശർത്വും ഫർദും നന്നായി പഠിച്ചും കർമശാസ്ത്രത്തെ കെട്ടിയുറപ്പിച്ചും തന്നെയാണവർ ഉത്കൃഷ്ടരായത്. വുദൂഇന്റെ ശർത്വും ഫർദും പഠിപ്പിക്കപ്പെടാതെ ആ കാര്യം ചെയ്യാൻ സാധിക്കുന്നതെങ്ങനെയാണ്? അഹ്‌ലുസ്സുന്നയുടെ വക്താക്കൾ ഒരു കാലത്തും അവർ ആഗ്രഹിച്ച സ്വർഗം മറന്നൊരു ‘നാഗരികത’ സ്വപ്നം കാണുന്നവരല്ല.



കരിച്ചുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാനാവില്ല. സുന്നത്തിനെ നിഷേധിച്ചുകൊണ്ട് ഖുർആനെ പിൻപറ്റാനും സാധിക്കില്ല" (പേജ് 3).

"ഹദീസ് നിഷേധം അന്തിമമായി ചെന്നെത്തുക ഇസ്‌ലാം നിരാകരണത്തിലാണ്. ഹദീസിന്റെ വിവരണത്തോടെയല്ലാതെ ഖുർആൻ ഗ്രഹിക്കാനോ ഉൾക്കൊള്ളാനോ കഴിയില്ലെന്ന് തൽപരകക്ഷി കൾക്കറിയാം. ആദ്യം ഹദീസിനെ, പിന്നെ ഖുർആനെ വകവരുത്തിയാൽ ഇസ്‌ലാമിന്റെ കഥ കഴിക്കാം എന്ന ഓറിയന്റലിസ്റ്റ് ചിന്തയിൽനിന്നാണ് ഹദീസുകൾക്ക് നേരെയുള്ള ആക്രമണത്തിന്റെ മുളപൊട്ടുന്നത്" (പേജ് 6).

"സുന്നത്തിനെ നിരാകരിച്ച് ഖുർആനെ കൈക്കൊള്ളുന്നുവെന്ന് വാദിക്കുന്നവർ യഥാർത്ഥത്തിൽ ഖുർആനെ തന്നെയാണ് തള്ളിക്കളയുന്നത്. ഖുർആന്റെ തന്നെ കൽപനയാണ് അതുവഴി തിരസ് കരിക്കപ്പെടുന്നത്. ഫലത്തിൽ രണ്ടിന്റെയും നിഷേധമാണ് സംഭവിക്കുന്നത്" (പേജ് 8).

ഇപ്പറഞ്ഞതെല്ലാം വസ്തുത തന്നെ. എന്നാൽ നബിചര്യയുടെ പ്രാധാന്യം വിശുദ്ധ ഖുർആനും പ്രവാചകൻ(സ്വ)യും അറിയിച്ചത് പ്രകാരം ഇവർക്ക് ഉൾക്കൊള്ളാനാവുമോ? അല്ലാഹു പറയുന്നു: "എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും (അല്ലാഹുവിന്) കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (16:89).

ശൈഖ് നാസ്വിറുസ്സഅദി(റ) പറയുന്നു: "മതത്തിന്റെ അടി

താണ്. അന്നത്തെ സാമൂഹിക സാഹചര്യം ഇതിൽ പലതരം സ്വാധീനങ്ങളുണ്ടാക്കിയിട്ടുണ്ട്" (പ്രബോധനം സ്പെഷ്യൽ പതിപ്പ് 2024, പേജ് 438).

'ലഗ്‌വ്','ഹിറ്,' 'ഗിനാഅ്' തുടങ്ങിയ പദങ്ങളിലൂടെ അതിരുവിട്ട ആനന്ദത്തിന്റെ എല്ലാ കവാടങ്ങളും ഇസ്‌ലാമിക പ്രമാണങ്ങൾ അടച്ചപ്പോൾ; നാടകം, സിനിമ, ഡാൻസ്, മ്യൂസിക് എന്നിവയിലൂടെയെല്ലാം പറന്നുയരുകയാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ!

### നല്ലപിള്ള ചമയുന്ന 'ഇത്തിഹാദുൽ ഉലമാഅ്'

'ഹദീസ് നിഷേധം; ചരിത്രം, വർത്തമാനം' എന്ന പേരിൽ ജമാഅത്തെ ഇസ്‌ലാമിയുടെ 'ഇത്തിഹാദുൽ ഉലമാഅ് കേരള' പുറത്തിറക്കിയ പുസ്തകത്തിൽ പ്രമാണ സ്നേഹം വല്ലാതെ പൂത്തുലഞ്ഞിട്ടുണ്ട്. പുസ്തകത്തിന്റെ പ്രകാശന ചടങ്ങിലും കനപ്പെട്ട പ്രസ്താവനയാണ് അമീർ നടത്തിയത്.

"ഹദീസ് നിഷേധത്തിലൂടെ പ്രവാചകചര്യയെയും ചരിത്രത്തെയും അധ്യാപനങ്ങളെയും മാത്രമല്ല, ഇസ്‌ലാമിനെത്തന്നെ വികൃതമാക്കുകയും തകർക്കുകയുമാണ് എതിരാളികളുടെ ലക്ഷ്യമെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ പി.മുജീബുറഹ്മാൻ" (ബോധനം ത്രൈമാസിക, 2024 ഒക്ടോബർ-ഡിസംബർ).

ലേഖനങ്ങൾ സമാഹരിക്കപ്പെട്ട ഈ ഗ്രന്ഥത്തിൽ എഡിറ്ററും പ്രസാധകരും പ്രമാണ മഹിമ നന്നായി പറയുന്നുണ്ട്: "ഖുർആനും ഹദീസും പരസ്പര പൂരകമായാണ് വർത്തിക്കുന്നത്. പ്രവാചകനെ നിരാ



സ്ഥാന-അനുബന്ധ കാര്യങ്ങളിലും ഇരുലോകത്തേക്കുള്ള വിധികളിലും അടിമകൾക്ക് ആവശ്യമായതിലേക്കൊക്കെയും സ്പഷ്ടമായ പദങ്ങൾ കൊണ്ടും മഹത്തായ ആശയങ്ങൾ കൊണ്ടും അത് വ്യക്തത നൽകുന്നതാണ്'' (തഫ്സീറുസ്സഅദി).

ഇത് ഉൾക്കൊള്ളാൻ ഈ വിഭാഗം സന്നദ്ധരായിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്ന, സുന്നത്തിന്റെ മഹിമ പറയാനല്ലാതെ, അത് പ്രാവർത്തികമാക്കുന്നതിൽ താൽപര്യമുള്ളവരല്ല തങ്ങൾ എന്നു തെളിയിക്കുന്ന എത്രയോ തെളിവുകൾ ഈ പുസ്തകത്തിന്റെ ഉള്ളിൽത്തന്നെ ഒളിഞ്ഞ് കിടക്കുന്നുണ്ട് എന്നതാണ് വിരോധാഭാസം. ചിലത് സൂചിപ്പിക്കാം:

"വുദുവിന്റെ ശർത്തുകളും ഫർദുകളും വിശദീകരിക്കുന്നതിലല്ല സുന്നത്തിന്റെ പ്രസക്തി. ഒരു ദർശനത്തെ ഭൂമിയിൽ പ്രയോഗവൽക്കരിക്കുന്നതിന്റെ രീതിശാസ്ത്രമാണ് സുന്നത്ത്. അതുകൊണ്ട്, ഇക്കാലത്ത് കർമശാസ്ത്രങ്ങൾക്കപ്പുറം ഒരു നാഗരികതയുടെ സ്രോതസ്സ് എന്ന അർഥത്തിൽ കൂടി സുന്നത്ത് പുനർവായിക്കപ്പെടേണ്ടതുണ്ടെന്നു തോന്നുന്നു'' (പേജ് 14,15).

ഉത്തമ തലമുറയോളം ഉയർന്നവർ ഇനി ലോകത്ത് വരാനില്ല. ആരാധനകളുടെ ശർത്വും ഫർദും നന്നായി പഠിച്ചും കർമശാസ്ത്രത്തെ കെട്ടിയുറപ്പിച്ചും തന്നെയാണവർ ഉത്കൃഷ്ടരായത്. വുദൂഇന്റെ ശർത്വും ഫർദും പഠിപ്പിക്കപ്പെടാതെ ആ കാര്യം ചെയ്യാൻ സാധിക്കുന്നതെങ്ങനെയാണ്? അഹ്‌ലുസ്സുന്നയുടെ വക്താക്കൾ ഒരു കാലത്തും അവർ ആഗ്രഹിച്ച സ്വർഗം മറന്നൊരു 'നാഗരികത' സ്വപ്നം കാണുന്നവരല്ല.

നെരിയാണിക്ക് താഴെ പുരുഷന്റെ വസ്ത്രം പോവുക എന്നത് വിരോധിച്ചതും അഹങ്കാരത്തിലേക്ക് എത്തിക്കുന്നതുമായതിനാൽ വളരെയേറെ പേടി നമുക്കതിൽ വേണം. ഈ വിഷയത്തിലെ ഹദീസുകളെയും ഇവർ തരം താഴ്ത്തി കാണുന്നു.

"ചുരുക്കത്തിൽ, വസ്ത്രം നെരിയാണിക്കു താഴെ വരുന്നതിനെക്കാൾ അഹങ്കാരമാണ് ഈ വിലക്കിലെ മുഖ്യ ഊന്നൽ. പക്ഷേ, അതു മനസ്സിലാവണമെങ്കിൽ തദ്വിഷയകമായ മുഴുവൻ ഹദീസുകളും ചേർത്തുവെക്കണമെന്നു മാത്രം'' (പേജ് 60).

പ്രബലമായ ഹദീസുകളിൽ വന്ന വിശ്വാസ കാര്യങ്ങളെ ആലങ്കാരിക പ്രയോഗങ്ങളാണെന്നു പറഞ്ഞ് ഇവർ അവഗണിക്കുന്നു. അഹ്‌ലുസ്സുന്നയുടെ നിലപാടുകളെ മാനിക്കാൻ പോലും ഇവർ മുതിർന്നില്ല.

"കുടുംബ ബന്ധവും അല്ലാഹുവും തമ്മിലുള്ള സംഭാഷണം, നരകം റബ്ബിനോട് ആവലാതിപ്പെടുന്നത്, മരണത്തെ ആടായി ചിത്രീകരിച്ച് അതിനെ അറുക്കുന്നത് തുടങ്ങി ആലങ്കാരികമായ വ്യാഖ്യാന സാധ്യതയുള്ള നിരവധി പ്രയോഗങ്ങൾ ഹദീസുകളിലുണ്ട്'' (പേജ് 73).

സ്ത്രീകൾ ഖബ്ർ സന്ദർശിക്കൽ, മഹ്‌റമില്ലാതെ സ്ത്രീകൾ യാത്ര ചെയ്യൽ, ചന്ദ്രപ്പിറവി ദർശിക്കൽ, അറാക്ക് ഉപയോഗിക്കൽ, ഫോട്ടോ സംബന്ധിച്ചുള്ള ഹദീസുകൾ, താടി വളർത്തൽ എന്നിവയോടെല്ലാമുള്ള വിമുഖത ഇതിൽ പരന്നുകിടക്കുന്നുണ്ട്.

ഇസ്‌ലാമിന്റെ പ്രഥമ ലക്ഷ്യം രാഷ്ട്രീയ വിപ്ലവമാണെന്ന ചിന്താഗതിക്കാർക്ക് ഇങ്ങനെയൊക്കെയേ പറയാൻ സാധിക്കൂ. പരലോക വിജയത്തിനു പ്രാമുഖ്യം നൽകുന്നുവെങ്കിൽ പ്രയത്നങ്ങൾ പാഴ്‌വേലകളാകാതിരിക്കാൻ ശ്രദ്ധിക്കണം. അല്ലാഹു പറയുന്നു:

"നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും (ധിക്കാരം വന്നുപോകാതെ) സൂക്ഷിക്കുകയും ചെയ്യുക. ഇനി നിങ്ങൾ പിന്തിരിഞ്ഞ് കളയുകയാണെങ്കിൽ നമ്മുടെ ദൂതന്റെ ബാധ്യത വ്യക്തമായ രീതിയിൽ സന്ദേശമെത്തിക്കുക മാത്രമാണെന്ന് നിങ്ങൾ മനസ്സിലാക്കുക'' (5:92).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം

(മക്കയിൽ അവതരിച്ചത്)

അധ്യായം 30

اللَّهُ الَّذِى خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۖ هَلْ مِن شُرَكَائِكُم مَّن يَفْعَلُ مِن ذَٰلِكُم مِّن شَىْءٍ ۚ سُبْحَانَهُ وَتَعَالَىٰ عَمَّا يُشْرِكُونَ ﴿٤٠﴾

40. അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. അതിൽ പെട്ട ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങൾ പങ്കാളികളാക്കിയവരുടെ കൂട്ടത്തിലുണ്ടോ? അവൻ എത്രയോ പരിശുദ്ധൻ. അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു.

ظَهَرَ الْفَسَادُ فِى الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِى النَّاسِ لِيُذِيقَهُم بَعْضَ الَّذِى عَمِلُوا لَعَلَّهُمْ يَرْجِعُونَ ﴿٤١﴾

41. മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം.

قُلْ سِيرُوا فِى الْأَرْضِ فَانظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِن قَبْلُ ۚ كَانَ أَكْثَرُهُم مُّشْرِكِينَ ﴿٤٢﴾

42. (നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു.

فَأَقِمْ وَجْهَكَ لِلدِّينِ الْقَيِّمِ مِن قَبْلِ أَن يَأْتِىَ يَوْمٌ لَّا مَرَدَّ لَهُ مِنَ اللَّهِ ۖ يَوْمَئِذٍ يَصَّدَّعُونَ ﴿٤٣﴾

43. ആകയാൽ അല്ലാഹുവിൽനിന്ന് ആർക്കും തടുക്കാനാവാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി നീ നിന്റെ മുഖം വക്രതയില്ലാത്ത മതത്തിലേക്ക് തിരിച്ച് നിർത്തുക. അന്നേദിവസം ജനങ്ങൾ (രണ്ടുവിഭാഗമായി) പിരിയുന്നതാണ്.

مَن كَفَرَ فَعَلَيْهِ كُفْرُهُ ۖ وَمَنْ عَمِلَ صَالِحًا فَلِأَنفُسِهِمْ يَمْهَدُونَ ﴿٤٤﴾

44. വല്ലവനും നന്ദികേട് കാണിച്ചാൽ അവന്റെ നന്ദികേടിന്റെ ദോഷം അവന്നുതന്നെയായിരിക്കും. വല്ലവനും സൽകർമം ചെയ്യുന്ന പക്ഷം തങ്ങൾക്കു വേണ്ടിത്തന്നെ സൗകര്യമൊരുക്കുകയാണ് അവർ ചെയ്യുന്നത്.

لِيَجْزِىَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِن فَضْلِهِ ۚ إِنَّهُ لَا يُحِبُّ الْكَافِرِينَ ﴿٤٥﴾

45. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് തന്റെ അനുഗ്രഹത്താൽ അല്ലാഹു പ്രതിഫലം നൽകുന്നതിനു വേണ്ടിയത്രെ അത്. സത്യനിഷേധികളെ അവൻ ഇഷ്ടപ്പെടുകയില്ല; തീർച്ച.

وَمِنْ آيَاتِهِ أَن يُرْسِلَ الرِّيَاحَ مُبَشِّرَاتٍ وَلِيُذِيقَكُم مِّن رَّحْمَتِهِ وَلِتَجْرِيَ الْفُلْكُ بِأَمْرِهِ وَلِتَبْتَغُوا مِن فَضْلِهِ وَلَعَلَّكُمْ تَشْكُرُونَ ﴿٤٦﴾

46. (മഴയെപ്പറ്റി) സന്തോഷസൂചകമായിക്കൊണ്ടും, തന്റെ കാരുണ്യത്തിൽനിന്ന് നിങ്ങൾക്ക് അനുഭവിപ്പിക്കാൻ വേണ്ടിയും, തന്റെ കൽപന -പ്രകാരം കപ്പൽ സഞ്ചരിക്കുവാൻ വേണ്ടിയും, തന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ ഉപജീവനം തേടുവാൻ വേണ്ടിയും, നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയും അവൻ കാറ്റുകളെ അയക്കുന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.

40). ഇവിടെ അല്ലാഹു നമ്മോട് പറയുന്നത് അവൻ മാത്രമാണ് നിങ്ങളെ സൃഷ്ടിച്ചതും നിങ്ങൾക്ക് ഉപജീവനം നൽകുന്നതും നിങ്ങളെ മരിപ്പിക്കുന്നതും ജീവിപ്പിക്കുന്നതുമെല്ലാം എന്നാണ്. മുശ്‌രിക്കുകൾ വിളിച്ച് പ്രാർഥിക്കുന്ന യാതൊരു പങ്കാളിക്കും ഈ കാര്യങ്ങളിലൊന്നും യാതൊരു പങ്കാളിത്തവുമില്ല. ഈ കാര്യങ്ങളിലൊന്നും ഒരു നിലക്കും യാതൊരു കാര്യവും നിർവഹിക്കാത്തവർ ഇതെല്ലാം ഏകനായി നിർവഹിക്കുന്നവനിൽ എങ്ങനെ പങ്കുചേർക്കും? അവൻ മഹാപരിശുദ്ധൻ. അവൻ പരിശുദ്ധനായിരിക്കുന്നു. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവൻ എത്രയോ ഉന്നതനാണ്. ഇതുകൊണ്ടൊന്നും അവനൊരു ദ്രോഹവും വരില്ല. നാശം അവരിലേക്കുതന്നെ മടങ്ങും.

41). പ്രത്യക്ഷപ്പെട്ടു: (കടലിലും കരയിലും കുഴപ്പം) അവരുടെ ഉപജീവനങ്ങളിൽ കുഴപ്പം പ്രത്യക്ഷപ്പെട്ടു. അത് കുറഞ്ഞു. ആപത്തുകൾ നിറഞ്ഞു. അവരുടെ ശരീരങ്ങളിലും വിവിധ പ്രശ്നങ്ങൾ. രോഗങ്ങളും പകർച്ച വ്യാധികളും. അതിന്റെയെല്ലാം പ്രകൃതി തകരാറാക്കുന്ന കുഴപ്പങ്ങൾ. അവരുടെ കൈകൾ പ്രവർത്തിച്ചതാണ് അതിന്റെ കാരണം. ഇതെല്ലാം (ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്) മുകളിൽ പറഞ്ഞതെല്ലാം സംഭവിച്ചത് അവർ ചെയ്ത പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ അല്ലാഹു അവരെ അനുഭവിപ്പിക്കുന്നതിന് വേണ്ടിയാണ്; ഈ ലോകത്ത് വെച്ചുതന്നെ. (അവർ മടങ്ങിയേക്കാം) അവർ പ്രയാസങ്ങളുണ്ടാക്കിയ ഇത്തരം പ്രവർത്തനങ്ങളിൽനിന്ന് അവർ മടങ്ങിയേക്കാം. അങ്ങനെ അവരുടെ അവസ്ഥകൾ ശരിയാവുകയും ചെയ്തേക്കാം. പരീക്ഷണങ്ങൾകൊണ്ട് അനുഗ്രഹം ചെയ്യുന്ന പരമ പരിശുദ്ധൻ. ശിക്ഷകൊണ്ട് ഔദാര്യം ചെയ്യുന്നവൻ. അങ്ങനെയല്ലായിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചതിന്റെ എല്ലാ ഫലങ്ങളും അവർ അനുഭവിക്കുമായിരുന്നു. ഭൂമുഖത്ത് ഒരു ജീവിയും തന്നെ അവശേഷിക്കുമായിരുന്നില്ല.

42) ഭൂമിയിലൂടെ സഞ്ചരിക്കാനുള്ള കൽപനയിൽ ശരീരം കൊണ്ടുള്ള യാത്രയും എല്ലാം കണ്ടുമനസ്സിലാക്കാനും പൂർവികരുടെ പരിണിതി കണ്ട് ചിന്തിക്കാനുമുള്ള ഹൃദയം കൊണ്ടുള്ള യാത്രയും പെടും. (അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു) അവരുടെ പരിണിതി ഏറ്റവും മോശമായതാണെന്ന് കാണാം. അവരുടെ മടക്കമാവട്ടെ ഏറ്റവും ദുരന്തം നിറഞ്ഞതും. ഉന്മൂലനം ചെയ്യുന്ന ശിക്ഷ. അവരെ പിന്തുടരുന്ന ആളുകളിൽ നിന്നുള്ള ആക്ഷേപവും വിമർശനങ്ങളും. തുടർച്ചയായ നിന്ദ്യതയും. അതിനാൽ അവർ ചെയ്തത് ചെയ്യുന്നതിനെ നിങ്ങൾ സൂക്ഷിക്കുക; നിങ്ങൾക്കും ഇതേ വിധി വരാതിരിക്കാൻ, അവരുടെ പാത പിന്തുടരാതിരിക്കാൻ. അല്ലാഹുവിന്റെ നീതിയും ജ്ഞാനവും എല്ലാ കാലത്തിനും സംഘത്തിനും ബാധകമാണ്.

അതായത് നിങ്ങളുടെ ഹൃദയം കൊണ്ട് ശ്രദ്ധിക്കുക. മുഖം കൊണ്ട് തിരിയുക. യഥാർഥ മതം സ്ഥാപിക്കാൻ ശരിയായി പരിശ്രമിക്കുക. കഠിന പരിശ്രമങ്ങളിലൂടെ അവന്റെ വിധിവിലക്കുകൾ നടപ്പിലാക്കാൻ ശ്രമിക്കുക. അതിന് വേണ്ട പ്രത്യക്ഷവും പരോക്ഷവുമായ ഉത്തരവാദിത്തം നിർവഹിക്കുക. നിങ്ങളുടെ സമയവും ജീവിതവും യൗവനവും പരമാവധി പ്രയോജനപ്പെടുത്താൻ ധൃതികൂട്ടുക.

(അല്ലാഹുവിൽനിന്ന് ആർക്കും തടുക്കാനാവാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി) ഉയിർത്തെഴുന്നേൽപ് ദിനമാണത്. അത് സമാഗതമായാൽ അതിനെ തടുക്കാനാവില്ല. നല്ല കാര്യങ്ങൾ ചെയ്യാൻ ആളുകൾക്ക് സമയം നൽകില്ല. കർമങ്ങളുടെ സമയം അവസാനിക്കും. കർമങ്ങളുടെ പ്രതിഫലമല്ലാതെ മറ്റൊന്നും അവശേഷിക്കില്ല. (അന്നേദിവസം ജനങ്ങൾ പിരിയുന്നതാണ്) അതായത് അന്ന് രണ്ടു വിഭാഗമായി പിരിയുന്നതാണ്. തങ്ങളുടെ പ്രവർത്തന ഫലങ്ങൾ കാണാൻ വിവിധ വിഭാഗങ്ങളായി അവർ വരും. അവരുടെ പ്രവർത്തനങ്ങൾ കാണുന്നതിനായി.

44-45). (അവന്റെ നന്ദികേടിന്റെ ദോഷം അവനു തന്നെയാണ്) അവൻ തന്നെ ശിക്ഷിക്കപ്പെടും. ഒരാളുടെയും പാപഭാരം മറ്റൊരാൾ വഹിക്കുകയില്ല. (വല്ലവനും സൽകർമം ചെയ്യുന്നപക്ഷം) അല്ലാഹുവോടും അവന്റെ അടിമകളോടുമുള്ള നിർബന്ധവും ഐച്ഛികവുമായ കടമകൾ. (അവർക്കുവേണ്ടിത്തന്നെയാണ്) മറ്റാർക്കുമല്ല. (അവർ സൗകര്യമൊരുക്കുന്നത്) അവർ പരലോകത്ത് അവരുടെ വാസസ്ഥലമൊരുക്കുന്നു. ഉയർന്ന പദവിയും ഉന്നതമായ വാസസ്ഥലങ്ങളും നേടാൻ അവർ തയ്യാറെടുക്കുന്നു. എന്നാലും അവരുടെ പ്രതിഫലം പ്രവർത്തനങ്ങളിൽ പരിമിതമല്ല. പകരം അവരുടെ കർമങ്ങൾ കൊണ്ട് മാത്രം നേടിയെടുക്കാൻ കഴിയാത്തത്ര അളവറ്റ കരുണയും ഔദാര്യവും കൊണ്ട് അല്ലാഹു അവർക്ക് പ്രതിഫലം നൽകും. കാരണം അവൻ അവരെ സ്നേഹിക്കുന്നു. അല്ലാഹു ഒരു വ്യക്തിയെ സ്നേഹിക്കുമ്പോൾ അവനിൽ



നന്മകൾ ചൊരിയും ഉന്നതമായ സമ്മാനങ്ങൾ നൽകുകയും ചെയ്യും; പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ. നേർവിപരീതമാണ് അവിശ്വാസികൾക്ക് നൽകുന്നത്. അല്ലാഹു അവരോട് കോപിക്കുകയും അവരെ നിന്ദിക്കുകയും ചെയ്യുന്നു. അവൻ അവരെ ശിക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ വിശ്വാസികൾക്ക് പ്രതിഫലം നൽകുമ്പോഴുള്ളതിൽനിന്ന് വ്യത്യസ്തമായി അവർ അർഹിക്കുന്നതിലും കൂടുതൽ ശിക്ഷ അവർക്ക് നൽകുന്നില്ല. അതാണ് അല്ലാഹു പറഞ്ഞത്: (സത്യനിഷേധികളെ അവൻ ഇഷ്ടപ്പെടുകയില്ല).

46) അല്ലാഹുവിന്റെ കാരുണ്യത്തിനും മരിച്ചവരെ ജീവിപ്പിക്കുമെന്നതിനും അവനാണ് സ്തുത്യർഹനായ, രാജാവായ ആരാധ്യനുമെന്നതിനുള്ള ഒരു തെളിവാണ് അവൻ കാറ്റുകളെ അയക്കുന്നു എന്നത്. മഴക്ക് മുമ്പ് (സന്തോഷവാർത്ത അറിയിക്കുന്നവയായി) കാറ്റുകൾ മേഘങ്ങളെ ഇളക്കി അവയെ ഒരുമിപ്പിക്കുന്നു. അപ്പോൾ മഴ പെയ്യിക്കുന്നതിന്നതിന് മുമ്പായി തന്നെ മനസ്സുകൾ സന്തോഷിക്കുന്നു. (തന്റെ കാരുണ്യത്തിൽനിന്ന് നിങ്ങൾക്ക് അനുഭവിപ്പിക്കാൻ വേണ്ടിയും) അവന്റെ കാരുണ്യത്താൽ അവൻ നിങ്ങളിൽ മഴ പെയ്യിക്കുന്നു. അങ്ങനെ ഭൂമിയെ അതുമൂലം പുനരുജ്ജീവിപ്പിക്കുന്നു. അതിലൂടെ അവന്റെ കാരുണ്യം അവർ രുചിക്കുന്നു. അതവന്റെ കാരുണ്യമാണെന്ന് അവർ മനസ്സിലാക്കുന്നു. അതുമൂലം ആളുകൾ രക്ഷപ്പെടുകയും അവർക്ക് ഉപജീവനം ലഭിക്കുകയും ചെയ്യുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൂടുതൽ ലഭിക്കാനും കൂടുതൽ നൻമ ചെയ്യാനും അവരെ പ്രേരിപ്പിക്കുന്നു. (കപ്പൽ സഞ്ചരിക്കാൻ വേണ്ടിയും) കടലിൽ. (അവന്റെ കൽപനപ്രകാരം) അവന്റെ നിർണയമനുസരിച്ച്. (അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ ഉപജീവനം തേടുവാൻ വേണ്ടിയും) നിങ്ങളുടെ ജീവിത മാർഗത്തിനും താൽപര്യങ്ങൾക്കും വേണ്ടിയുള്ള ക്രയവിക്രയങ്ങളിലൂടെ. (നിങ്ങൾ നന്ദിയുള്ളവരായേക്കാം) നിങ്ങൾ വഴികളുണ്ടാക്കിത്തന്നതിനും കാര്യങ്ങൾ എളുപ്പമാക്കിത്തന്നതിനും. അങ്ങനെ നിങ്ങൾ നന്ദി ചെയ്തുകൊണ്ട് അവന്റെ അനുഗ്രഹങ്ങളോട് പ്രതികരിക്കാൻ. അങ്ങനെ അല്ലാഹു അത് വർധിപ്പിച്ചുതരികയും ചെയ്യും. അത് നിങ്ങൾക്ക് നിലനിർത്തിത്തരും. എന്നാൽ അനുഗ്രഹങ്ങളോട് പ്രതികരിക്കുന്നത് നന്ദികേടുകൊണ്ടും തെറ്റുകൾകൊണ്ടുമാണെങ്കിൽ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുന്നവന്റെ മനോഭാവമാണ്. അവരിൽ അനുഗ്രഹം ഒരു പരീക്ഷണമാണ്. നന്ദികേട് അനുഗ്രഹം എടുത്ത് കളയപ്പെടാനും മറ്റുള്ളവർക്ക് എടുത്ത് കൊടുക്കാനും സാധ്യതയേറ്റുന്നു. ■

# മുസ്‌ലിം സ്ത്രീകൾ പറയട്ടെ; അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ച്

വർത്തമാനകാലത്ത് ചാനലുകളിലും സാമൂഹ്യ മാധ്യമങ്ങളിലും നടക്കുന്ന ഏതൊരു വിഷയത്തെ കുറിച്ചുമുള്ള ചർച്ചകൾ ലിബറൽ വാദികളുടെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കപട ആശങ്കകളിലേക്ക് വഴിമാറിപ്പോകുന്നത് നമുക്ക് കാണാം. ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്താനും മുസ്‌ലിം സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ല എന്ന് ആവലാതി പറയാനും എന്തുമാത്രം ആത്മാർഥതയാണ് ഇക്കൂട്ടർക്ക്!

പ്രമാണബദ്ധമായി കാര്യങ്ങൾ പഠിക്കുന്ന ഏതൊരാൾക്കും ഇസ്‌ലാം സ്ത്രീകൾക്ക് നൽകുന്ന സ്വാതന്ത്ര്യവും സ്ഥാനങ്ങളും മറ്റൊരിടത്തും നൽകപ്പെട്ടിട്ടില്ലാത്ത വിധം മികച്ചതാണെന്ന് മനസ്സിലാക്കാവുന്നതാണ്.

പലപ്പോഴും മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണ രീതിയെയാണ് ഇക്കൂട്ടർ സ്വാതന്ത്ര്യം അളക്കാനുള്ള മാനദണ്ഡമായി കണക്കാക്കുന്നത്. അത് ഒരുതരം അടിമത്തമാണെന്നാണ് ഇവർ ജൽപിക്കാറുള്ളത്. എന്നാൽ ഇസ്‌ലാമിക വസ്ത്രധാരണത്തെ അടിച്ചമർത്തലായല്ല; മറിച്ച് തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ മാറ്റുകൂട്ടുന്നതായാണ് മുസ്‌ലിം സ്ത്രീകൾ മനസ്സിലാക്കുന്നത്. അത് അവരുടെ അനുഭവമാണ്.

തന്റെ ശരീരത്തെ പവിത്രമായി കണക്കാക്കുന്ന ഒരു സ്ത്രീ അവളെ ഒരു കാഴ്ചവസ്തുവായി പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടുകയില്ല. അതുകൊണ്ട് തന്നെ അവളുടെ ശരിയായ വസ്ത്രധാരണം സ്വാതന്ത്ര്യത്തോടൊപ്പം സുരക്ഷയും അവൾക്ക് നൽകുന്നു.

മറ്റൊരു വിഷയം സ്ത്രീ-പുരുഷ സമത്വമാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ജനിതകഘടനയിൽതന്നെ അവർ വ്യത്യസ്തരാണ്. ആ വ്യത്യാസം ഓരോ കോശത്തിലും നിലനിൽക്കുന്നിടത്തോളം കാലം അവരുടെ മാനസിക-ശാരീരിക തലങ്ങളിലും അത് പ്രകടമാകും. സാമൂഹിക മേഖലകളും അതിൽ നിന്ന് ഒഴിവല്ല. സമത്വത്തിനായി എത്ര സമരം ചെയ്താലും ആ വ്യത്യാസങ്ങൾ നിലനിൽക്കുന്നിടത്തോളം അവർ സമമാവുകയില്ല. സ്ത്രീ പുരുഷനെക്കാൾ ദൗർബല്യമുള്ളവളാണെന്നത് ശാസ്ത്രീയ സത്യമാണ്. അതുകൊണ്ട് അവൾ ശാരീരികമായും സാമൂഹികമായും സാമ്പത്തികമായുമെല്ലാം സംരക്ഷിക്കപ്പെടേണ്ടവളാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നതും. അതൊരിക്കലും അവളെ നിസ്സാരവൽകരിക്കലല്ല, മറിച്ച് അവൾക്ക് കൂടുതൽ പരിഗണന നൽകലാണ്.

അന്യ സ്ത്രീ-പുരുഷൻമാർ കൂടിക്കലരുന്ന സാഹചര്യങ്ങളെ ഇസ്‌ലാം കണിശമായി നിരുത്സാഹപ്പെടുത്തുന്നതാണ് മറ്റൊരു പരിഹാസവിഷയം! അതിന്റെ അനന്തരഫലമായുണ്ടാകുന്ന അപകടം സമകാലീന സാഹചര്യത്തിൽ വിശദീകരിക്കേണ്ടാത്തവിധം സുവ്യക്തമാണ്. ധാർമികതയെത്തന്നെ നിരാകരിക്കുന്നവർക്ക് അത് പ്രശ്നമല്ലെന്നു മാത്രം.

വിവാഹത്തെയും കുടുംബജീവിതത്തെയുമെല്ലാം അപരിഷ്കൃതമായും അടിമത്തമായും പരിഗണി ക്കുന്ന സ്വതന്ത്രവാദികൾക്ക് ഇസ്‌ലാം നിഷ്കർശിക്കുന്ന സംസ്കാരങ്ങൾ ഉൾക്കൊള്ളൽ പ്രയാസകരം തന്നെയായിരിക്കും. സ്വതന്ത്ര ലൈംഗികതയാണ് അവരുടെ പരിഷ്കാരം. അതിന്റെ ഫലമായി കൗമാര പ്രായത്തിൽ പെൺകുട്ടികൾ (അവിഹിത ബന്ധത്തിലൂടെ) ഗർഭിണികളാകുന്നതും കുരുന്നുമക്കളെ നിഷ്കരുണം കൊല്ലുകയോ അല്ലെങ്കിൽ ചവറ്റുകൊട്ടയിലോ അമ്മത്തൊട്ടിലിലോ ഉപേക്ഷിക്കുന്നതും ഇവർക്കു ചർച്ചാവിഷയമേ അല്ല.

സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും വർണക്കടലാസിൽ പൊതിഞ്ഞ്, സ്ത്രീയെ ഒരു കച്ചവട വസ്തുവായി മാത്രം പരിഗണിക്കുന്നവർക്ക് ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന സംരക്ഷണം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല എന്നതാണ് വാസ്തവം.

ഡോ. യാസ്മിൻ എം അബ്ബാസ്
പട്ടാമ്പി



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# എന്തുകൊണ്ട് ഫലസ്തീൻ?

ലോകമെമ്പാടും ചലനം സൃഷ്ടിക്കാൻ
കെൽപ്പുള്ള ഫലസ്തീൻ
എന്ന കൊച്ചുരാജ്യത്തിന്റെ
പോരാട്ട വീര്യത്തിന്റെ
പിന്നാമ്പുറങ്ങളിലേക്ക് ഒരു എത്തിനോട്ടം.

WISDOM BOOKS




200 രൂപയുടെ പുസ്തകം ഇപ്പോൾ 160 രൂപക്ക്

# യഹൂദരും ഫലസ്തീനും

## ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

FREE HOME DELIVERY

ORDER NOW

പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 19 July 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

دار الحكمة
WISDOM
HOUSE
CALICUT




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031